

# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

പുസ്തകം 25 | ഫെബ്രുവരി 2020 | ലക്കം 02

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

മോൺ. ഡോ. സി. ജോസഫ്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. മൈക്കിൾ തോമസ്

റവ. ഫാ. മെൽക്കൺ

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഡോ. എ.ആർ ജോൺ

റവ. ഡോ. സാബാസ് ഇഗ്നേഷ്യസ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

റവ. ഫാ. തിയോഡേഷ്യസ്

റവ. ഫാ. ഷാജിൻ ജോസ്

***കവർ & ലേ-ഔട്ട്***

റവ.ഫാ.സുരേഷ്പയസ്

**ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്**
**വെള്ളയമ്പലം, കവടിയാർ പി. ഒ.**
**തിരുവനന്തപുരം - 695 003**
**ഫോൺ : 0471 - 2724001**
**ഫാക്സ് : 0471 - 2725001**

## താളുകളിൽ

❖ എഡിറ്റോറിയൽ

❖ ബിഷപ്പ്സ് ഡയറി

❖ ചാൻസലറി

❖ ട്രൈബ്യൂണൽ

❖ ബി.സി.സി

❖ അജപാലന ശുശ്രൂഷ

❖ കുടുംബപ്രേഷിത ശുശ്രൂഷ

❖ യുവജന ശുശ്രൂഷ

❖ വിദ്യാഭ്യാസ ശുശ്രൂഷ

❖ സാമൂഹ്യ ശുശ്രൂഷ

❖ മത്സ്യമേഖല ശുശ്രൂഷ

❖ അൽമായ ശുശ്രൂഷ

# സമർപ്പണതിരുനാൾ ഉൾക്കൊള്ളുന്ന ദിവ്യാഹ്വാനം

കത്തോലിക്കാ സഭയിലെ ആരാധനാ ക്രമമനുസരിച്ച് ക്രിസ്മസ്കാലം ഡിസംബർ 25-ന് ആരംഭിച്ച് നമ്മുടെ കർത്താവിന്റെ ജ്ഞാനസ്നാന തിരുനാളോടുകൂടി അവസാനിക്കുന്നു. പുൽക്കൂട്ടിൽ പിറന്നുവീണ ദിവ്യശിശു 'വിജാതിയരുടെ പ്രകാശവും ഇസ്രായേലിന്റെ മഹത്വവു'മാണെന്ന് പ്രഘോഷിക്കുന്ന ഫെബ്രുവരി 2-ലെ കർത്താവിന്റെ സമർപ്പണതിരുനാൾ, ക്രിസ്മസ് ആഘോഷങ്ങൾക്ക് മകുടം ചാർത്തുന്നു. ദിവ്യശിശുവിനെ കൈകളിൽ എടുത്തുകൊണ്ട് പ്രവാചകനായ ശെമയോൻ തികഞ്ഞ സംതൃപ്തിയോടെ ഇപ്രകാരം പ്രാർത്ഥിച്ചു: 'ഇനി ഈ ദാസനെ സമാധാനത്തോടെ വിട്ടയച്ചാലും'. പക്ഷേ ഇന്ന് നമ്മുടെ, പ്രത്യേകിച്ച് വൈദികരുടെയും സന്യസ്തരുടേയും പ്രാർത്ഥന തികച്ചും വ്യത്യസ്തമാണ്. ലോകത്തിന്റെ പ്രകാശമായി കടന്നുവന്ന യേശുനാഥന്റെ പ്രകാശധാര സമസ്ത ജനങ്ങളിലും എത്തിക്കുക എന്ന ദൗത്യം ഊർജ്ജസ്വലതയോടെ തുടരാൻ ഞങ്ങളെ പ്രാപ്തരാക്കണമേ എന്നാണ് നമ്മുടെ പ്രാർത്ഥന.

നമ്മുടെ കർത്താവിന്റെ സമർപ്പണ തിരുനാൾ സഭയിൽ സമർപ്പിതരുടെ ദിനമായി ആചരിച്ചു വരുന്നു. നമ്മുടെ അതിരൂപതയിൽ ത്യാഗപൂർണ്ണമായ സേവനമനുഷ്ഠിക്കുന്ന എല്ലാ സമർപ്പിതരേയും സന്യസ്തരേയും നമ്മുടെ പ്രാർത്ഥനകളിൽ നന്ദിയോടെ ഓർക്കാം.

നമ്മുടെ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം തിരുമേനിയുടെ മെത്രാഭിഷേക വാർഷികവും സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് തിരുമേനിയുടെ മെത്രാൻ സ്ഥാന നിയമന പ്രഖ്യാപനത്തിന്റെ വാർഷികവും ഫെബ്രുവരി 2-ന് തന്നെ

യാണ്. സുദീർഘമായ 30 വർഷക്കാലം അനന്യസാധാരണമായ നിലയിൽ തിരുവനന്തപുരം രൂപതയെ നയിച്ച അഭിവന്ദ്യസൂസ പാക്യം പിതാവിനേയും ഏറെ പ്രതീക്ഷകൾ ഉണർത്തിക്കൊണ്ട് ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ കടന്നുവന്ന അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിനേയും ദൈവമാതൃകരങ്ങളിലൂടെ ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കാം; ആശംസകൾ നേരാം.

അതിരൂപതാ ശുശ്രൂഷാകോർഡിനേറ്റർ എന്ന നിലയിൽ ബഹു. മൈക്കിൾതോമസ് അച്ചൻ നിർവ്വഹിച്ച അഭിനന്ദനാർഹ മായസേവനം നന്ദിയോടെ സ്മരിക്കുന്നു.

ശെമയോൻ പ്രവാചകന്റെ കൈകളിൽ തന്റെ ദിവ്യസുതനെ നൽകിയ പരിശുദ്ധ കന്യകാമറിയം, നമ്മുടേയും കൈകളിലേയ്ക്ക് അതേ ദിവ്യശിശുവിനെ ഏൽപ്പിക്കുന്നു എന്ന വസ്തുത നമ്മെ കൂടുതൽ ആനന്ദഭരിതരും കർമ്മോത്സുകരുമാക്കുന്നു.

ഫെബ്രുവരി മാസാവസാനം (ഫെബ്രു. 26) തപസ്സുകാലം ആരംഭിക്കുകയാണല്ലോ. നമ്മുടെ കർത്താവിന്റെ പീഡാസഹനവും കുരിശുമരണവും പുനരുത്ഥാനവും ഉൾക്കൊള്ളുന്ന ദിവ്യമഹാ രഹസ്യം ആഘോഷിക്കുന്നതിന് നമ്മെ സജ്ജമാക്കുന്ന തപസ്സു കാലം ഏവർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹാദരപൂർവ്വം,

**ഫാ. സി. ജോസഫ്.**
വികാരി ജനറൽ

## ARCHBISHOP'S DIARY, FEBRUARY 2020

| | | | |
|---|---|---|---|
| 02 | SUN | 05.30 pm | Religious Day – Holy Mass, Palayam |
| 05 | WED | 07.00 pm | Retreat - Message, Veli |
| 09 | SUN | 07.30 am | PASTORAL VISIT, KOCHUPALLY |
| 11 | TUE | 05.30 pm | Feast Day Eucharistic Celebration, Marthandanthurai |
| 16 | SUN | 07.30 am | PASTORAL VISIT, CHERIYATHURA |
| | | 05.00 pm | Deaf & Dumb Meet, Holy Mass, Chinnathurai |
| 23 | SUN | 07.30 am | PASTORAL VISIT, PARUTHIKUZHY |
| 24 | MON TO 25 TUE | | ***Presbyterium*** |
| 26 | WED | | Ash Wednesday |
| 29 | SAT | 03.00 pm | KRLCC Psychological Conference |

**Fr. Shynish Bosco**
Secretary to Archbishop

## AUXILIARY BISHOP'S DIARY, FEBRUARY 2020

| | | | |
|---|---|---|---|
| 02 | SUN | 08.30 am | Home Mission Conclusion, Poothurai |
| | | 05.30 pm | Religious Day – Holy Mass, Palayam |
| 07 | FRI | 05.30 pm | Holy Mass, Lourdepuram |
| 11 | TUE | 05.30 pm | Feast Day Eucharistic Celebration, Kannanthura |
| 13 | THU TO 20 THU | | **CBCI** |
| 20 | THU | | Seminary Visit, Karamoodu |
| 23 | SUN | 05.30 pm | Feast Day Eucharistic Celebration, Veli |
| 24 | MON TO 25 TUE | | ***Presbyterium*** |
| 26 | WED | | Ash Wednesday |

**Fr. Shynish Bosco**

Secretary to Archbishop

# FEBRUARY 2020

## A.EPISCOPAL ORDINATION ANNIVERSARY

02nd February 2020 is the 30th Anniversary of the Episcopal Consecration of His Grace our Archbishop Most Rev. Dr. Soosa Pakiam M. Special intention for the Archbishop should be added in the prayer of the faithful during the Holy Eucharist and kindly exhort the faithful to offer their family prayers for our Archbishop.The Archdiocesan Curia, on behalf of the Clergy, Religious and Laity of the Archdiocese, expresses our sincere congratulation and prayerful wishes to our Archbishop.

## B.RELIGIOUS DAY CELEBRATION

Religious Day celebrations of this year will be on 2nd February 2020at St. Joseph's Metropolitan Cathedral Palayam. Please include special prayers for the Consecrated people in your Parish during holy mass.

## C.BIRTHDAYS

| | | |
|---|---|---|
| 1. | Rev. Fr. Pradeep Joseph | 01.02.1975 |
| 2. | Rev. Fr. Binu Joseph Alex | 02.02.1979 |
| 3. | Rev. Fr. Shijin A | 03.02.1990 |
| 4. | Rev. Fr. George Kooliath OFM Cap | 03.02.1946 |
| 5. | Rev. Fr. Yesudasan Marian IC | 05.02.1985 |
| 6. | Rev. Fr. Dasappan S.J | 09.02.1962 |
| 7. | Rev Fr. Joseph Sebastian OCD | 10.02.1960 |
| 8. | Rev. Fr. Shaji Silva | 11.02.1979 |
| 9. | Rev Fr. Thottakath James SJ | 13.02.1937 |
| 10. | Rev. Fr. Antony S.B. | 16.02.1978 |
| 11. | Rev. Fr. Shabin L. | 16.02.1981 |
| 12. | Rev. Fr. Sylvester Kuris | 17.02.1966 |
| 13. | Rev. Fr. Darwin Peter | 17.02.1974 |
| 14. | Rev. Fr. Robinson F. | 18.02.1962 |

15. Rev. Fr. Stephen Jose Methachery 18.02.1941
16. Very Rev. Fr. JosephBaskaran 18.02.1964
17. Rev. Fr. Manu Kulapurath RCJ 19.02.1989
18. Rev. Fr. Pramod P 22.02.1991
19. Rev. Dr. Augustine John 23.02.1966
20. Rev. Fr. Yesudas Remias 23.02.1980
21. Rev.Fr. Shibin Bosco IVDei 23.02.1990
22. Rev. Fr. Lijo Thundiyil CMF 25.02.1990
23. Rev. Fr. Jerome D. Netto 29.02.1965

**D.ORDINATION DAYS**

1. Rev. Fr. Antony Attuthundiyil OCD 03.02.2009
2. Rev. Fr. James Alakkuzhiyil OCD 04.02.2009
3. Rev. Fr. Thomas Valliampoikayil OCD 04.02.2009
4. Rev. Dr. George Pulimalayil OCD 05.02.2009
5. Rev. Fr. Joseph Chakkalakudiyil OCD 05.02.2009
6. Rev. Fr. George Pulimalayil OCD 05.02.2009
7. Rev. Fr. Rockose Kolencherry OCD 14.02.1990
8. Rev. Fr. Jofin Amarakkattu HGN 14.02.1999
9. Very Rev. Fr. Augustine Punnolil OCD 20.02.2006

**E.DECEASED PRIESTS**

1. Rev. Fr. Cleetus Gomez 05.02.2013
2. Rev. Fr. Antony Pereira 07.02.1974
3. Rev. Fr. Joseph Arattukulam 07.02.1992
4. Rev. Fr. Augustine Conception 09.02.1964
5. Rev. Fr. Pious OCD 11.02.1948
6. Rev. Fr. Cyriac Vettikkapalli 26.02.1947

**F.PERPETUAL DAY ADORATION**

1. St. Sebastian’s Church, Mungoode 08.02.2020
2. Holy Spirit Church, Mampally 10.02.2020
3. St. Jacob’s Forane Church, Pulluvila 11.02.2020

## G.APPOINTMENT & RELIEVING ORDERS

1. Very Rev. Msgr. Dr. C. Joseph appointed Co-ordinator of Archdiocesan ministries with effect from 14 th January 2020.
2. Rev. Fr. Victor T. Thomas OFM Cap - Appointed as Parish Priest of Our Lady of Fathima Church, Marygiri Ashram, Kudappanakunnu, Trivandrum with effect 19th January 2020.
3. Very. Rev. Dr. Michael Thomas – Relieved from the office of Co-ordinator of Ministries in the Latin Archdiocese of Trivandrum, with effect from 14th January 2020.
4. Rev. Fr. Jude Thaddeus OFM Cap - Relieved from the Parish Priest of Our Lady of Fathima Church, Marygiri Ashram, Kudappanakunnu, Trivandrum with effect 19th January 2020.

## H. E-MAIL ID OF FINANCE OFFICE

All the official correspondence to the Finance Office, Latin Archdiocese of Trivandrum to be send to the following e-mail ID:

**financeoffice2020@gmail.com**

---------------------------------------------------------------

n.2020/AB/17 13th January 2020

# PRESBYTERIUM

**MONDAY : 24th February 2020 : 05.30 pm to**
**TUESDAY : 25th February 2020 : 01.30 pm**

To,

All the priests of the Latin Archdiocese of Trivandrum

Very Rev. Msgr/Very/Rev. and Dear Father,

The first Presbyterium in 2020 is proposed to be held on **24th February** at 05.30 pm to **25th February** till 01.30 pm at JMAC, Vellayambalam, Trivandrum. Please do come on time to attend the whole session. Hearty Welcome!

With Prayerful Wishes

Yours in Jesus and Mary



† Soosa Pakiam M.,
Archbishop of Trivandrum

***PS**: Priests who wants to get clarified of any matter related to Archdiocesan Administration / Policies may kindly write it and address to Archbishop which has to reach the Curia on or before 15th of February. Please indicate over the envelop "For Presbyterium – Free Wheeling Session".*

no. 2020/AUXB/001 Dated: 13.01.2020

To
All the Archdiocesan Priests &
All the Religious Communities in the Archdiocese

Dear Rev. Msgr. / Father / Sister,

**Sub: Religious Day of the Latin Archdiocese of Trivandrum**

***Greetings from the Archdiocese of Trivandrum!.***

As you know, every year 2nd February has been celebrated as Religious Day in the Archdiocese. This year too we are celebrating the same on 2nd February 2020 from 2.00pm onwards ending with Holy Mass by Most Rev. Dr. Soosa Pakiam M., Archbishop of Trivandrum. This celebration is mainly meant to foster and strengthen the relationship between the congregations and the Archdiocese, to integrate you into the life and ministries of the Archdiocese in forane and parish level.

I request all the Religious working in the Archdiocese to make themselves available for this afternoon programme to take part in the **Seminar and the Holy Mass**. I also request the Superiors of the Religious Houses (both Men and Women) to make sure the participation of their members or at least their representation. You may inform the number of participants to the Pastoral Ministry Office (Mobile: 9400081767 or e-mail to:pastoralministrytvm@gmail.com) on or before 27th January.

I also request all the Archdiocesan Priests to kindly take part in the Holy Mass at 4.00pm

Expecting your co-operation and sincerely thanking you in anticipation for the sacrifice that you take for the success of the programme.

| | | |
|---|---|---|
| **Venue** | **:** | **St. Joseph's Metropolitian Cathedral, Palayam** |
| **Date &Time** | **:** | **2$^{nd}$ February 2020 at 2.00pm to 5.30pm** |

Love and Prayers,

**† Christudas Rajappan**
Auxiliary Bishop of Archdiocese of Trivandrum

---

**കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതി**
**ഇടയലേഖനം**
**2020 ജനുവരി 26 ഭരണഘടന സംരക്ഷണദിനം**

യേശുവിൽ പ്രിയരേ,

2020 പുതുവർഷത്തിൽ ജനുവരി 11, 12 തീയതികളിലായി കെ.ആർ.എൽ.സി.സി.യുടെ 35-ാമത് ജനറൽ അസംബ്ലി നെയ്യാറ്റിൻകര ലോഗോസ് പാസ്റ്ററൽ സെന്ററിൽ സമ്മേളിക്കുകയുണ്ടായി. ജനറൽ അസംബ്ലിക്കുമുമ്പായി ലത്തീൻ കത്തോലിക്കാ മെത്രാൻസമിതി യോഗവും ജനുവരി 10ന് ചേർന്നു. "അധികാരപങ്കാളിത്തം നീതി സമൂഹത്തിന്" എന്ന പ്രമേയമാണ് സമ്മേളനം മുഖ്യചർച്ചാവിഷ യമായി സ്വീകരിച്ചിരുന്നത്. മിണ്ടാത്തവന് അവകാശം ഇല്ല എന്ന താണ് ഇന്നത്തെ സാമൂഹിക അവസ്ഥ; വിതരണനീതിയെക്കുറി

ച്ചുള്ള ഇപ്പോഴത്തെ സങ്കല്പം. ജനസംഖ്യാനുപാതികമായ പങ്കാളിത്തം അധികാരത്തിന്റെ വിവിധതലങ്ങളിൽ നമുക്ക് ലഭിക്കണം. ദീർഘകാലം സാമൂഹിക അവശതകൾ അനുഭവിച്ച സമൂഹമെന്ന നിലയിൽ അത് പരിഹരിക്കാൻകൂടിയുള്ള നീതിബോധത്തോടെ സമുദായത്തിന് അർഹമായ പരിഗണനയും പങ്കാളിത്തവും അധികാരത്തിൽ ലഭിക്കണം.

കെ.ആർ.എൽ.സി.സി സമ്മേളനവും മെത്രാൻസമിതി യോഗവും ആനുകാലിക സാമൂഹിക, രാഷ്ട്രീയ വിഷയങ്ങളെ ആഴത്തിൽ അപഗ്രഥിക്കുകയായി. ക്രൈസ്തവർക്കും ക്രിസ്തീയ സ്ഥാപനങ്ങൾക്കുമെതിരേ രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന അക്രമണങ്ങളെക്കുറിച്ചുള്ള വലിയ ആശങ്ക സമ്മേളനത്തിൽ പ്രകടിപ്പിക്കപ്പെട്ടു. കേരളത്തിൽതന്നെ ചില സംഘടിത ഗ്രൂപ്പുകളിൽ നിന്നു സഭയ്ക്കെതിരേയും സഭാമക്കൾക്കെതിരേയും ഉണ്ടാവുന്ന തുടർച്ചയായ ഗൂഢനീക്കങ്ങളും അക്രമങ്ങളും ഗൗരവമാർന്ന പ്രശ്നങ്ങളായിത്തന്നെ പരാമർശിക്കപ്പെടുകയുമുണ്ടായി. അവയെക്കുറിച്ചൊന്നും കൃത്യമായ അന്വേഷണമോ നടപടികളോ വേണ്ടപ്പെട്ടവരിൽ നിന്നുണ്ടാകാത്തതിലുള്ള അമർഷവും പൊതുവികാരമായിരുന്നു.

**പൗരത്വഭേദഗതി നിയമം**

പൗരത്വനിയമഭേദഗതിക്കെതിരെ ശക്തമായ നിലപാടാണ് രണ്ടു സമ്മേളനങ്ങളും സ്വീകരിച്ചത്. ജനങ്ങളെ വിഭജിക്കുന്നതാണ് ഏറ്റംവലിയ കുറ്റകൃത്യം. അതിവിപുലമായി ഇവിടെ അത് നടക്കുന്നു. പൗരത്വബിൽ ഭരണഘടനാവിരുദ്ധമാണ്. മതേതര ജനാധിപത്യ സങ്കല്പത്തിന് വിരുദ്ധവുമാണ്. മുസ്ലീങ്ങൾ ഒഴികെ എന്ന പ്രയോഗം തന്നെ ശ്രദ്ധിക്കുക! ഇത് മുസ്ലീങ്ങളുടെ മാത്രം പ്രശ്നമല്ല. സർവജനത്തിന്റെയും പ്രശ്നമാണ്. ഭരണഘടനയുടെ വിശുദ്ധിയുടെ പ്രശ്നമാണ്.

ബില്ലിന്റെ ആന്തരാർത്ഥങ്ങളും ഭരണാധികാരികളുടെയും അവരെ നിയന്ത്രിക്കുന്ന ശക്തികേന്ദ്രങ്ങളുടെയും പ്രസ്താവനകളും വിലയിരുത്തുമ്പോഴും മതരാഷ്ട്രത്തിനുള്ള തയ്യാറെടുപ്പുകളാണ് നടക്കുന്നതെന്ന് വെളിപ്പെടുന്നു. ഒരുമിച്ചുള്ള പ്രതിഷേധങ്ങളാണ്

ആവശ്യം. നമുക്കുവേണ്ടത് മതേതര ഇന്ത്യയാണ്."ഭാരതമാതാ കീ ജയ്" നമ്മുടെ മുദ്രാവാക്യമാണ്.

ഭരണഘടനാ പ്രകാരം ഇന്ത്യ ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതേതര ജനാധിപത്യറിപ്പബ്ലിക്കാണ്. ഏത് മതത്തിൽ വിശ്വസിക്കാനും, ആചരിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവകാശം പൗരന്മാർക്കുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ അനുഛേദം 14 ഏതൊരു വ്യക്തിക്കും നിയമത്തിന് മുന്നിൽ തുല്യതയും ഇന്ത്യയുടെ പ്രദേശത്തിനകത്ത് തുല്യ പരിരക്ഷയും ഉറപ്പുനൽകുന്നു. ഇതുപ്രകാരം മതം, വംശം, ജാതി, ലിംഗം അല്ലെങ്കിൽ ജനന സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ലായെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു.

സമത്വം, സ്വാതന്ത്ര്യം, തുല്യത, നീതി എന്നിവയാണ് രാഷ്ട്രത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ എന്നു ഭരണഘടനയുടെ ആമുഖത്തിൽ തന്നെ വിശദീകരിക്കുന്നുണ്ട്. ഈ മൗലിക ആദർശങ്ങൾക്കെതിരായിട്ടാണ് പൗരത്വ നിയമഭേദഗതിയെ മനസ്സിലാക്കാൻ സാധിക്കുന്നത്. ഒരു പ്രത്യേക മതവിഭാഗത്തോട് വിവേചനം പ്രകടിപ്പിക്കുന്നത് ഭരണഘടനയുടെ മൗലിക തത്വങ്ങൾക്ക് എതിരാണ്. അതിനാൽ പൗരത്വഭേദഗതി ബിൽ പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം.

**പൗരത്വ രജിസ്റ്റർ**

പൗരത്വ നിയമ ഭേദഗതിയുടെ തുടർച്ചയായി രൂപപ്പെടുത്തുവാൻ പോകുന്ന പൗരത്വ രജിസ്റ്ററും ദലിത് ആദിവാസി ന്യൂനപക്ഷ വിഭാഗങ്ങളിൽ കടുത്ത ആശങ്കയും ഭീതിയുമാണ് ഉളവാക്കുന്നത്. 2021ലെ കനേഷുമാരിയോടനുബന്ധിച്ചു ദേശീയ ജനസംഖ്യാ രജിസ്റ്റർ രൂപീകരണം എൻ.സി.ആറിന്റെ മുന്നോടിയാണെന്ന സർക്കാർ രേഖകൾ വെളിവാക്കുന്നു. പൗരത്വ നിയമ ഭേദഗതിക്കെതിരെ കലാലയങ്ങൾ ഉൾപ്പടെ രാജ്യമെങ്ങും പ്രതിഷേധം ശക്തമാകുകയാണ്. ചില സംസ്ഥാനങ്ങളിൽ നടക്കുന്ന സമരങ്ങളെ അതിക്രൂരമായ വിധത്തിൽ അടിച്ചമർത്താൻ ഭരണാധികാരികളും തൽപ്പരകക്ഷികളും ശ്രമിച്ചു വരുന്നതായി കാണാം.

## ആംഗ്ലോ-ഇന്ത്യൻ പ്രാതിനിധ്യം

രാജ്യത്തെ ആംഗ്ലോ-ഇന്ത്യൻ സമൂഹത്തിന് ഭരണപങ്കാളിത്തം ലഭിക്കുന്നതിനുവേണ്ടി ഭരണഘടനാശില്പികൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയ ആർട്ടിക്കിൾ 331 ഉം 333 ഉം പ്രകാരം ലോകസഭ യിലേയ്ക്ക് രണ്ട് എം.പി.മാരേയും സംസ്ഥാന നിയമസഭകളിലേയ് ക്ക് ഓരോ എം.എൽ.എ. മാരേയും നോമിനേറ്റ് ചെയ്യുന്നതിനുള്ള അധികാരം ഇന്ത്യൻ പ്രസിഡന്റിനുണ്ടായിരുന്നു. ഈ അധികാരം അഥവാ ആംഗ്ലോ-ഇന്ത്യക്കാർക്ക് ഭരണഘടന നൽകിയ അവകാശം കേന്ദ്ര സർക്കാർ നിയമഭേദഗതിയിലൂടെ നിറുത്തലാക്കിയിരി ക്കയാണ്. ആയതിന് കാരണമായി കേന്ദ്രസർക്കാർ പാർലിമെന്റിൽ പറഞ്ഞത് ഇന്ത്യയിൽ 296 ആംഗ്ലോ-ഇന്ത്യൻ സമുദായാംഗങ്ങൾ മാത്രമേയുള്ളൂ എന്നാണ്. യാതൊരു പഠനവും അന്വേഷണങ്ങളും ചർച്ചയുമില്ലാതെ ആംഗ്ലോ ഇന്ത്യൻ നോമിനേഷൻ ഒഴിവാക്കിയത് കടുത്ത അനീതിയാണ്. ക്രൈസ്തവരോടുള്ള മതപരമായ വിവേ ചനമാണിത്. ആംഗ്ലോ-ഇന്ത്യക്കാർക്കുള്ള ഈ പ്രത്യേക അവകാ ശം പുനസ്ഥാപിക്കണം.

## ഭരണഘടനാ സംരക്ഷണദിനം

ജനുവരി 26 മഹത്തായ ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷണദി നമായി ആചരിക്കുവാൻ നമ്മൾ തീരുമാനിച്ചിട്ടുണ്ട്. ഭരണഘടനാ ശില്പികൾ രാഷ്ട്രത്തെക്കുറിച്ചു കണ്ട സ്വപ്നങ്ങൾ തകർക്കുന്നതി നുള്ള ശ്രമങ്ങൾ രാജ്യത്ത് വർദ്ധിക്കുകയാണ്. രാഷ്ട്രീയ ദർശനത്തോടുകൂടി തന്നെ വിദ്യാർത്ഥികളും യുവജനങ്ങളും ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് ബോധവാന്മാരാകണം. അവരിൽ പൗരബോധവും പൗരധർമ്മവും വളർത്തിയെടുക്കണം. ഇതിനാ യി ജനുവരി 26 ഞായറാഴ്ച ദിവ്യബലിക്കുശേഷം പൊതുവായും ബിസിസി (കുടുംബയോഗം) കളിലും മതബോധനക്ലാസ്സുകളിലും യുവജന-സമുദായ-സാമൂഹ്യ-സംഘടനകളുടെ യോഗങ്ങളിലും ഭരണഘടനയുടെ ആമുഖം വായിക്കുകയും ഭരണഘടന സംര ക്ഷണ പ്രതിജ്ഞ എടുക്കുകയും ചെയ്യണം. തെരുവുപ്രകടന ങ്ങൾക്കല്ല, ബോധവത്കരണപ്രക്രിയയ്ക്കാണ് നാം നേതൃത്വം കൊടുക്കേണ്ടത്. അന്നേദിവസം ദേശീയപതാക ഉയർത്തുകയും മതേതര ഇന്ത്യയെക്കുറിച്ചുള്ള ചിന്തകൾ പങ്കുവയ്ക്കുകയും വേണം.

ഭരണഘടനയുടെ ആമുഖം (preamble) ചുവടെ ചേർക്കുന്നു. **“നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും, ഭാരതത്തിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും, വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.”**

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ അഹിംസ ആയുധമാക്കി നമ്മൾ നേടിയ സ്വാതന്ത്ര്യം ലോകത്തിലെ ഐതിഹാസിക സംഭവവും സമാധാന സൃഷ്ടിക്കുള്ള പുതിയ ചിന്താധാരയുമായി. മഹത്തായ ഇന്ത്യൻ ഭരണഘടന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും ഡോ. ബി.ആർ. അംബേദ്കറുടെയും നേതൃത്വത്തിൽ രൂപപ്പെടുത്തുമ്പോൾ ലത്തീൻ സമുദായത്തിന്റെ മഹത് നേതാക്കളും അതിൽ പങ്കുചേർന്നിരുന്നു. ആനി മസ്ക്രീൻ, എച്ച്. സി. മുഖർജി, ഫാ. ജെറോം ഡിസൂസ, ഫ്രാങ്ക് അന്തോണി തുടങ്ങിയ നേതാക്കൾ നീതിയും സമാധാനവും പുലരുന്ന രാഷ്ട്രത്തെക്കുറിച്ചുള്ള സ്വപ്നങ്ങളാണ് ഭരണഘടന നിർമാണ സമിതിയിൽ പങ്കുവച്ചത്. രാഷ്ട്രനേതാക്കളുടെയും ഭരണഘടനാശില്പികളുടെയും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ഭരണാധികാരികൾ അതിനു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ അരുതെന്ന് പറയാനുള്ള ധൈര്യം പൗരന്റെ അവകാശമാണ്. അതുകൊണ്ട് ജനുവരി 26 ലെ ഭരണഘടനാസംരക്ഷണ ദിനം ഉചിതമായി ആചരിക്കാൻ ഏവരും പങ്കുചേരണമെന്ന്

മെത്രാൻസമിതിക്കുവേണ്ടിയും കെ.ആർ.എൽ.സി.സി.ക്കുവേണ്ടിയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

**†ബിഷപ് ജോസഫ് കരിയിൽ** **†ആർച്ചുബിഷപ് സൂസപാക്യം**
പ്രസിഡന്റ്, കെആർഎൽസിബിസി & കെആർഎൽസിസി
തിരുവനന്തപുരം മെത്രാപ്പോലിത്ത

**†ബിഷപ് വിൻസെന്റ് സാമുവൽ**
വൈസ് പ്രസിഡന്റ്, കെആർഎൽസിബിസി & കെആർഎൽസിസി

**†ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
സെക്രട്ടറി ജനറൽ, കെആർഎൽസിബിസി

NB:*ഈ ഇടയലേഖനം 2020 **ജനുവരി 26–ാം** തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.*

**Kerala Region Latin Catholic Bishops' Council**

Carmelgiri, P.B. No. 620, Aluva – 683102

## പൗരത്വനിയമം

1955 ലെ പൗരത്വനിയമം അനുസരിച്ച് ഏതൊരു പൗരനും ജന്മം, പിൻതുടർച്ച, രജിസ്ട്രേഷൻ എന്നിവയിലൂടെ ഇന്ത്യയിൽ പൗരത്വം ലഭിക്കുമായിരുന്നു. വിദേശികൾക്കുവരെ പൗരത്വം അനുവദിച്ചിരുന്നു. എന്നാൽ പിന്നീടുണ്ടായ ഭേദഗതിയിലൂടെ ഇന്ത്യൻ പൗരത്വം, 1987 ന് ശേഷം ഇന്ത്യയിൽ ജനിച്ചവരുടെ മാതാപിതാക്കളിലാരെങ്കിലും (ഒരാളെങ്കിലും) ഇന്ത്യയിലുള്ളവർക്ക് മാത്രമായി നിജപ്പെടുത്തി.

എന്നാൽ വാജ്പേയി ഗവൺമെന്റ് 2003ൽ കൊണ്ടു വന്ന ഭേദഗതി നിയമത്തിലൂടെ മാതാപിതാക്കൾ രണ്ടു പേരും ഇന്ത്യൻ പൗരത്വം ഉള്ളവരായിരിക്കണമെന്ന് നിഷ്കർഷിച്ചു. കൂടാതെ പൗരത്വരജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകളും ചട്ടങ്ങളി

ലൂടെ കൊണ്ടുവന്നു. ഈ നിയമപ്രകാരം കേന്ദ്രഗവൺമെന്റ് രാജ്യത്തെ ഓരോ പൗരന്റെയും വീട് വീടാന്തരം കയറിയിറങ്ങി വിവരങ്ങൾ ശേഖരിച്ച് പൗരത്വരജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ഈ കണക്കെടുപ്പ് ആരംഭിക്കുന്നതിന്റെയും കാലാവധിയുടെയും സമയം ഔദ്യോഗിക ഗസറ്റിൽ പരസ്യം ചെയ്യേണ്ടതാണ്. മാത്രമല്ല ഈ കണക്കെടുപ്പിന്റെ എല്ലാ വിവരങ്ങളും ജനസംഖ്യാ രജിസ്റ്ററുമായി പരിശോധിക്കേണ്ടതും ആയതിനു പൗരത്വ രജിസ്ട്രാർ ജനറൽ ചുമതലപ്പെടുത്തുന്ന വ്യക്തികളെ സൂക്ഷ്മ പരിശോധനക്കു സഹായികളാക്കാവുന്നതുമാണ്. ഈ പരിശോധനയിൽ പൗരത്വം സംശയാസ്പദമായി കണ്ടെത്തുന്നപക്ഷം ഈ വിവരം പ്രാദേശിക റെജിസ്ട്രാർ കുറിപ്പോടു കൂടെ ജനസംഖ്യാ രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഇത് പ്രകാരം 1951 മുതൽ കണക്കെടുപ്പ് ആരംഭിക്കുകയും ഓരോ 10 വർഷം കൂടുമ്പോൾ പുതുക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ജനസംഖ്യാരജിസ്റ്റർ (NCR കാനേഷുമാരി) നോടൊപ്പം, 2011 മുതൽ യു.പി.എ ഗവൺമെന്റ് NPR ഉം തയ്യാറാക്കി. ഈ NPR ൽ പൗരനുമായി ബന്ധപ്പെട്ട 15 വിവരങ്ങൾ ഉൾപ്പെടുത്തി 1) പേര്, 2) ജനനതീയതി, 3) ജന്മ സ്ഥലം, 4) വിലാസം, 5) ഗൃഹനാഥനുമായുള്ള ബന്ധം, 6) ലിംഗം, 7) വിവാഹിതരാണോ, അല്ലയോ, 8)ജോലി, 9) അച്ഛൻ, 10) അമ്മ, 11) പങ്കാളിയുടെ പേര്, 12) ഏതുരാജ്യത്തുള്ള പൗരൻ, 13) വിദ്യാഭ്യാസയോഗ്യത, 14) നിലവിലുള്ള വിലാസത്തിൽ എത്രകാലമായിതാമസിക്കുന്നു, 15) ലഭ്യമായ ബയോമെട്രിക് വിവരങ്ങൾ. NPR സൂക്ഷിക്കേണ്ടത് നാല് തലങ്ങളിലാണ് - പ്രാദേശികം, സബ്ജില്ല, ജില്ല, സംസ്ഥാനം.

2019 ൽ NPR ൽ കാതലായ മാറ്റങ്ങൾ വരുത്തി. 2011 ൽ ശേഖരിച്ച വിവരങ്ങളിൽ കൂടുതലായി മാതാപിതാക്കളുടെ ജനന തീയതി, അവരുടെ ജന്മസ്ഥലം, അവർ അവസാനം താമസിക്കുന്ന സ്ഥലം എന്നിവകൂടി ഉൾപ്പെടുത്തി NRC (National Register of Citizens) തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചു. NRC തയ്യാറാക്കുന്നതിന്റെ ഭാഗമായി NPR വഴി ശേഖരിക്കുന്ന വിവരങ്ങൾ പ്രാദേശിക രജിസ്ട്രാർ സൂക്ഷ്മമായി പരിശോധിക്കേണ്ടതും അതിന്റെ വെളിച്ചത്തിൽ NPR പരിശോധിച്ച് NRC തയ്യാറാക്കേണ്ടതുമാണ്.

പരിശോധനയിൽ സംശയം തോന്നിയാൽ ബന്ധപ്പെട്ട കുടുംബ ത്തിന് വിശദീകരണത്തിന് അവസരം നൽകുകയും ഉപജില്ലാ രജി സ്ട്രാർ 90 ദിവസത്തിനകം ഇതിന്മേൽ തീരുമാനമെടുക്കുകയും പ്രസ്തുത തീരുമാനം കുടുംബത്തിന് അനുകൂലമല്ലെങ്കിൽ ഇവർ 30 ദിവസത്തിനകം ജില്ലാ രജിസ്ട്രാരെ സമീപിക്കേണ്ടതും അദ്ദേ ഹത്തിന്റെ തീരുമാനം അനുകൂലമല്ലെങ്കിൽ പൗരത്വം റദ്ദാക്കപ്പെടു കയും ചെയ്യും.

1. ഈ നിയമത്തെ ഇന്ത്യൻ പൗരത്വഭേദഗതി നിയമം 2019 എന്നു വിളിക്കുന്നു. ഇത് കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ പരസ്യം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1955 ലെ പൗരത്വ നിയമത്തിൽ 2-ാം വകുപ്പിന്റെ 1-ാം ഉപ വകു പ്പിൽ ഖണ്ഡം ബി യിൽ താഴെ പറയുന്ന പരിമിതി വ്യവസ്ഥകൾ കൂടി ഉൾകൊള്ളിച്ചു.

2014 ഡിസംബർ 31 നോ അതിന് മുമ്പോ ഇന്ത്യയിലേക്ക് അഫ്ഗാ നിസ്ഥാൻ, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നും പ്രവേശിച്ച ഹിന്ദു, സിക്ക്, ബുദ്ധ, ജൈന പാർസി, ക്രിസ്ത്യൻ സമൂ ഹത്തിൽപ്പെട്ടവരെയും, 1920 ലെ പാസ്പോർട്ട് (Entry into India) നിയമത്തിലെ മൂന്നാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പു ഖണ്ഡം ഇപ്രകാരമോ 1946 ലെ Foreigners നിയമവ്യവസ്ഥകൾ പ്രകാരമോ ഇളവ് ലഭിച്ചവരെയും അനധികൃത കുടിയേറ്റക്കാരായി ഈ നിയമ ത്തിൽ കരുതുന്നതല്ല.

3.1955 ലെ പൗരത്വ നിയമത്തിലെ 6A വകുപ്പിന് ശേഷം താഴെപ്പ റയുന്ന വകുപ്പു കൂടി ചേർക്കപ്പെട്ടിരിക്കുന്നു.

6.B(1) ഈ മുകളിലത്തെ ഖണ്ഡികയിൽ വിവരിക്കുന്ന പ്രകാരം ഒരു വ്യക്തി അപേക്ഷ നൽകുന്ന പക്ഷം കേന്ദ്രഗവൺമെന്റിനോ, കേന്ദ്രഗവൺമെന്റ് ഈ ആവശ്യത്തിലേക്കായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഈ പൗരത്വ നിയമത്തിൽ ഉണ്ടാക്കുന്ന ചട്ട ങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അപേക്ഷ സമർപ്പിച്ച വ്യക്തിക്ക് സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷൻ നൽകാവുന്നതാണ്.

6B(2) അപ്രകാരം സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷൻ ലഭിക്കുന്ന ഒരു വ്യക്തിയെ അയാൾ എന്നാണോ ഇന്ത്യയിൽ കടന്നു കയറിയത് അന്നു മുതൽ അയാൾ ഇന്ത്യൻ പൗരനായി പരിഗണിക്കുന്നു. പക്ഷേ അയാൾ മൂന്നാം ഷെഡ്യൂൾ അഞ്ചാം വകുപ്പ് വ്യവസ്ഥകൾ പാലിക്കുന്ന ആളായിരിക്കണം.

6B(3) ഈ പൗരത്വ ഭേദഗതി 2019 പ്രാബല്യത്തിൽ വന്ന തീയതിക്കു ശേഷം ഈ വകുപ്പിൻ കീഴിൽ പെന്റിംഗിൽ ഇരിക്കുന്ന നിയമനടപടികൾ മേൽപ്പറഞ്ഞ പ്രൊവിഷൻ അനുസരിച്ച് അസാധുവാക്കപ്പെടുന്നു. പ്രസ്തുത വ്യക്തിക്ക് പൗരത്വം നൽകാൻ അർഹതയുള്ള ആളാണെങ്കിൽ already illegal immigrant എന്ന കാരണം പറഞ്ഞു കൊണ്ട് ഒരാളുടെയും അപേക്ഷ നിരസിക്കാൻ പാടില്ല.

പൗരത്വത്തിന് വേണ്ടി സമർപ്പിച്ച ആളിന്റെ അവകാശങ്ങളും അനുവദിക്കാതിരിക്കരുത്.

6B(4) ഇൻഡ്യൻ ഭരണഘടനയുടെ 6-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്സാം, മേഘാലയ, മിസോറാം, ത്രിപുര, എന്നിവിടങ്ങളിലോ, ആദിവാസി മേഖലകളിലോ 1873 ലെ നിയമപ്രകാരം പ്രസിദ്ധീകരിച്ച Innerline എന്ന ഖണ്ഡിക വരുന്ന ഏര്യകളിലോ ഇത് applicable അല്ല.
4) പൗരത്വ നിയമത്തിന്റെ 7 വകുപ്പ് ഖണ്ഡം d ക്ക് ശേഷം താഴെപ്പറയുന്ന അനുച്ഛേദങ്ങൾ കൂടിചേർക്കേണ്ടതാണ്.

(a) ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുപ്പെടുത്തുന്ന ഏതൊക്കെ നിയമങ്ങൾ ഉണ്ടോ, അവ ലംഘിച്ച് വിദേശ ഇന്ത്യൻ പൗരൻ അനുച്ഛേദം F ന് ശേഷം ഇത് കൂടി ചേർക്കേണ്ടണ്ടതാണ്.

വിദേശ ഇന്ത്യൻ പൗരന്റെ ഭാഗം കൂടി കേട്ടതിന് ശേഷമേ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളൂ.

പൗരത്വ നിയമത്തിലെ സെക്ഷൻ അനുച്ഛേദത്തിൽ താഴെപ്പറയുന്ന ഖണ്ഡിക കൂടി ഉൾപ്പെടുത്തേണ്ടതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ, Naturalization certificate കളോ നൽകുമ്പോൾ സെക്ഷൻ 6 B പ്രകാരമുള്ള വ്യവസ്ഥകളും നിയന്ത്രണങ്ങളും പാലിച്ചിരിക്കണം.

4. പൗരത്വ നിയമത്തിലെ മൂന്നാംവകുപ്പ് അനുച്ഛേദനം D യിൽ താഴെപ്പറയുന്ന ഖണ്ഡിക ഉൾപ്പെടുത്തിയിരിക്കുന്നു. അതായത് അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ബംഗ്ലാദേശ്, എന്നിവിടങ്ങളിലെ ഹിന്ദു, സിക്ക്, ബുദ്ധ, ജൈന, പാർസി, ക്രിസ്ത്യൻ മതവിഭാഗങ്ങളിൽ ഉൾപ്പെടെ ആളുകളുടെ കാര്യത്തിൽ ഇന്ത്യ ഗവൺമെന്റിന്റെ സേവനത്തിലും അല്ലെങ്കിൽ ഇന്ത്യയിൽ താമസിക്കുകയോ ചെയ്ത മൊത്തം കാലയളവ് ഈ ഖണ്ഡിക പ്രകാരം 11 വർഷത്തിൽ കുറയാതെ വേണമെന്ന് എഴുതിയിരിക്കുന്നത് അഞ്ച് വർഷത്തിൽ കുറയാതെ എന്ന് വായിക്കേണ്ടതാണ്.

**Prepared by : TSSS**

**Metropolitan Tribunal News of Latin Archdiocese of Trivandrum**
**January - 2020**

| | | |
|---|---|---|
| Number of Cases at the beginning of 2020 January | - | 234 |
| Received Cases in the Month of January | - | 001 |
| Total | = | 235 |
| Decreed Cases | - | 01 |
| Closed due to Non Co-op | - | 01 |
| | | ========= |
| | | 02 |
| Balance Cases | | =235- 02= 233 |

***Decreed Cases : 01***

Case No: MTLAT/OP-04/2019 between Tony Baptist and Anaswara Johny.

**Fr. Jose G.**
Judicial Vicar

**Fr. Paul G.**
Notary

# ബിസിസി

## രൂപതാതലം

ജനുവരി 5-ാം തീയതി ഞായറാഴ്ച രാവിലത്തെ കുർബാനയിൽ തൂത്തൂർ ഫെറോനാ വികാരി ഫാ. ആൻഡ്രൂസ് അവർകളുടെ മുഖ്യ കാർമ്മികത്വത്തിൽ ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ബഹു. ഫാ. മൈക്കിൾ തോമസ്, ഫാ. സുരേഷ് പയസ്, ഫാ. ആൻസലാം, ഫാ. ബ്രിട്ടോ എന്നിവർ സഹകാർമ്മികരായിരുന്നു. 22 സന്യസ്തരുടെ സേവനം ഈ ഇടവകയിൽ ദൈവസ്നേഹവും അനുഗ്രഹവും ലഭ്യമാക്കികൊടുക്കുന്നു.

## കോവളം ഫൊറോന

ഫൊറോനയിലെ എല്ലാ ഇടവകകളിലും ബി.സി.സി. യോഗങ്ങൾ നടക്കുന്നു. ഡിസംബർ മാസത്തെ എക്സിക്യൂട്ടീവ് മീറ്റിംഗിന്റെ തീരുമാനമനുസരിച്ച് 7 പേർ അടങ്ങുന്ന ഫെറോന ടീം അംഗങ്ങൾ ബഹുമാനപ്പെട്ട റോഷനച്ചന്റെ നേതൃത്വത്തിൽ പൂങ്കുളം ഇടവകയിൽ, ജനറൽ ബോഡിയിൽ പങ്കെടുത്ത് ഓരോ യൂണിറ്റ് ലീഡേഴ്സിനെയും ശ്രവിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. അതുപോലെ ഫൊറോന ടീമിൽ ഉണ്ടായിരുന്ന എല്ലാ കോർഡിനേറ്റേഴ്സും ആനിമേറ്ററും ഇടവകയെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ മാസത്തെ മീറ്റിംഗ് ജനുവരി 26ന് കാക്കാമൂല ഇടവകയിൽ നടത്താനായി തീരുമാനിച്ചു. ഇനി മുതൽ ഓരോ മാസവും ഓരോ ഇടവകകളിൽ വച്ചായിരിക്കും പ്രതിമാസ യോഗം നടക്കുക.

**പാലപ്പൂർ:** ബി.സി.സി. യൂണിറ്റുകളുടെ നേതൃത്വത്തിൽ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുന്നു. ജനുവരി 20 ന് സെന്റ് പോൾ ബി.സി.സി. യൂണിറ്റ് വാർഷികം നടത്തി.

**പരുത്തിക്കുഴി:** സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ് ജനുവരി 3ന് വാർഷികം ആഘോഷിച്ചു.

## തൂത്തൂർ ഫൊറോന

ജനുവരി 11ന് ഫൊറോന റിസോഴ്സ് മീറ്റിംഗ് നീരോടി ഇടവകയിൽ വച്ച് നടക്കുകയുണ്ടായി. എല്ലാ ഇടവകയിൽ നിന്നും

58 പേർ പങ്കെടുക്കുകയുണ്ടായി. അതിൽ റവ. ഫാ. ഹാംലറ്റ് ജ്ഞാന സ്നാനത്തെക്കുറിച്ച് ബൈബിളിനെ ആസ്പദമാക്കി ക്ലാസ്സെടുക്കു കയുണ്ടായി. ഓരോ മാസം ഓരോ ഇടവകയിൽ റിസോഴ്സ് മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചു.

ഇരയിമ്മൻതുറ ഇടവകയിൽ 8 ൽ 19-ാം യൂണിറ്റ് വിസിറ്റ് ചെയ്ത തിൽ 44 കുടുംബങ്ങളിൽ 22 പങ്കെടുക്കുകയും യൂണിറ്റ് യോഗം നല്ല രീതിയിൽ നടത്തുകയും ചെയ്തു.

**പൂത്തുറ:** ജനുവരി 5-ാം തീയതി ഇടവകയിൽ ഹോം മിഷൻ ആരം ഭിച്ചു.

**തൂത്തൂർ:** 6 ൽ 8 യൂണിറ്റ് വിസിറ്റ് നടത്തിയതിൽ 57 കുടുംബങ്ങ ളിൽ 28 കുടുംബങ്ങൾ പങ്കെടുത്തു. 18-ാം തീയതി തൂത്തൂരിൽ 4-5 മണിവരെ റിസോഴ്സ് മീറ്റിംഗും 5-6 മണിവരെ ജനറൽ ബോഡി മീറ്റിംഗും നടന്നു. മരണാനന്തരചടങ്ങുകളിൽ ആർഭാടങ്ങൾ കഴി വതും ഒഴിവാക്കണമെന്നും പ്ലാസ്റ്റിക് കപ്പുകൾ നിരോധിച്ചുകൊണ്ട് പകരം 500 സ്റ്റീൽ കപ്പുകൾ ഇടവകയിൽ വാങ്ങുകയും അതിൽ വെള്ളം കൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. കുടുംബ ങ്ങളിൽ എന്തെങ്കിലും ആവശ്യങ്ങൾക്കായി ലെറ്റർ വാങ്ങാൻ വരു മ്പോൾ ഒരു കാരണവശാലും ലെറ്റർ കൊടുക്കാതിരിക്കരുതെന്നും അവരുടെ അറ്റൻഡൻസ് ലെറ്ററിൽ ഉൾപ്പെടുത്തിയാൽ മതിയെന്നും റവ. ഫാ. ജോൺ ഡാൽ പറഞ്ഞു.

**ഇരവിപുത്തൻതുറ:** ജനുവരി 3ന് ലീഡേഴ്സ് മീറ്റിംഗ് ഫാ. ജെറോ മിന്റെ നേതൃത്വത്തിൽ നടന്നു. അതിൽ പെന്തക്കോസ്ത സഭയിൽ പോകുന്നവരെക്കുറിച്ച് ചർച്ച ചെയ്തു. ഓരോ മാസത്തിലും വാർഡ് തലത്തിൽ മീറ്റിങ്ങ് കൂടുവാൻ തീരുമാനിച്ചു. യൂണിറ്റ് തലത്തിൽ യൂണിറ്റ് ഡേറ്റ കളക്റ്റ് ചെയ്യാൻ ലീഡേഴ്സിനോട് ആവശ്യപ്പെട്ടു.

**മാർത്താണ്ഡംതുറ:** ജനുവരി 16ന് ഇടവകയിൽ 24-ാം യൂണിറ്റ് വിസിറ്റ് ചെയ്തതിൽ 19 പേർ പങ്കെടുത്തു. ആനിമേറ്റർ സിസ്റ്റർ റോസ് മാത്യുവും പങ്കെടുത്തു.

## പുല്ലുവിള ഫൊറോന

ഫൊറോന കമ്മീഷൻയോഗം 2020 ജനുവരി 18-ാം തീയതി ശനിയാഴ്ച കരിങ്കുളം ഇടവക ദൈവാലയത്തിൽ ഫാ. ഷാജുവിന്റെ അദ്ധ്യക്ഷതയിലും ഇടവക വികാരി ശാന്തപ്പനച്ചന്റെ സാന്നിദ്ധ്യത്തിലും കൂടി. ബി.സി.സി. തുടങ്ങിയപ്പോഴുണ്ടായിരുന്ന അവസ്ഥയും ഇന്നത്തെ ബി.സി.സി.യെക്കുറിച്ചുള്ള ആശങ്കയും വികാരിയച്ചൻ പങ്കുവച്ചു. സമാനമായ ചിന്തകൾ ഷാജു അച്ചനും പങ്കുവയ്ക്കുകയുണ്ടായി. സെക്രട്ടറിയുടെ റിപ്പോർട്ടിനുശേഷം പങ്കെടുത്ത ഇടവകയിലെയും കോർഡിനേറ്റർമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

**കൊല്ലങ്കോട്:** എല്ലാവരും സഹകരിച്ച് ഇടവക വൃത്തിയാക്കൽ നടത്തി. പാവപ്പെട്ടവർക്ക് അരിയും ചികിത്സാസഹായവും നൽകി.

**പൂവ്വാർ:** ലീഡർമാരുടെ യോഗം കൂടി. യൂണിറ്റുകൾ സജീവമാക്കുന്നതിനും റിസോഴ്സ് ടീം രൂപീകരിക്കാൻ തീരുമാനിച്ചു. കുട്ടികളുടെ ബി.സി.സി. കൂടുന്നുണ്ട്.

**കരുങ്കുളം:** ഓരോ ദിവസത്തെയും വായനകളും പ്രാർത്ഥനകളും പ്രിന്റ് ചെയ്തു വീടുകളിൽ കൊടുത്തു.

**പുതിയതുറ:** എല്ലാ മാസവും വാർഡു ലീഡർമാരുടെ യോഗം കൂടുവാൻ തീരുമാനിച്ചു. യൂണിറ്റുകളെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

**പള്ളം:** ഇടവകയിൽ ലീഡർമാരുടെ യോഗം കൂടി. ബി.സി.സി.യുടെ നിലവാരം യൂണിറ്റുതലത്തിൽ ശക്തിപ്പെടുത്തുന്നതിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമുണ്ടായി.

**അടിമലത്തുറ:** ബി.സി.സി. സജീവമായി തുടങ്ങി. വികാരിയച്ചനും സിസ്റ്റേഴ്സും യൂണിറ്റുയോഗങ്ങൾ സന്ദർശിക്കുന്നു. ആനിമേറ്റർ സിസ്റ്റർ യൂണിറ്റുകളെ ഒത്തു ചേർത്തു ക്ലാസ്സെടുക്കുന്നതും ആളുകളിൽ താത്പര്യം ഉളവാക്കുന്നു.

**ചൊവ്വര:** ഇടവക തിരുനാളിനോടനുബന്ധിച്ച് അഖണ്ഡ ബൈബിൾ പാരായണം നടത്തി. ലീഡർമാരുടെ യോഗം കൂടി. യൂണിറ്റ് യോഗങ്ങളിൽ ലീഡർമാർ പങ്കെടുക്കണമെന്നും വചന വിചിന്തനം മെച്ചപ്പെടുത്തണമെന്നും ആനിമേറ്റർ നിർദ്ദേശിച്ചു.

**ലൂർദ്ദപുരം:** എല്ലാ യൂണിറ്റുകളും സജീവമാണ്. ആനിമേറ്റർ യൂണിറ്റുകളും ഭവനങ്ങളും സന്ദർശിക്കുന്നു.

## പേട്ട ഫൊറോന

ബി.സി.സി. ഫൊറോന കമ്മീഷൻ മീറ്റിംഗ് ജനുവരി 11ന് പോങ്ങുമൂട് ഫൊറോന സെന്ററിൽ വച്ച് ബഹു. ദേവസ്യാ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഫൊറോനാതലത്തിൽ ജനുവരി 26-ാം തീയതി ബി.സി.സി. സംഗമം നടത്തുവാൻ തീരുമാനിച്ചു. സാങ്കേതിക തടസമുള്ളതിനാൽ സംഗമം മാറ്റിവച്ചു. കുശവർക്കൽ ബി.സി.സി. യൂണിറ്റിൽ പങ്കെടുക്കാത്തവരുടെ ഭവന സന്ദർശനം നടത്തിവരുന്നു. എല്ലാ ഇടവകകളിലും ബി.സി.സി. പ്രാർത്ഥനാ യോഗം നടന്നു.

**ഇടവകതലം**

**ചെറുവയ്ക്കൽ:** വേളാങ്കണ്ണിമാതാ ദേവാലയത്തിൽ മൂന്നു യൂണിറ്റുകളും സംയുക്തായി ന്യൂ ഈയർ ആഘോഷിച്ചു. പ്രേഷിതമാസത്തോടനുബന്ധിച്ച് ഇടവകയിൽ നിന്ന് എല്ലാ ശുശ്രൂഷാകളും അതാത് വിഭാഗത്തിലുള്ളവരെ ശാക്തീകരിക്കുന്നു. ഇടവകാംഗങ്ങളുടെ കാണിക്ക സ്വരൂപിച്ച് അംഗവൈകല്യമുള്ള കുട്ടികളെ സന്ദർശിച്ചു അവരുടെ കൂടെ ഭക്ഷണം കഴിക്കുകയും കലാപരിപാടികൾ നടത്തി അവരെ സന്തോഷിപ്പിച്ചു.

**മുട്ടട:** ജനുവരി മാസം ബി.സി.സി.കൾ എല്ലാം ഒത്തുകൂടി. ചില ബി.സി.സി.കൾ പുതുവർഷാഘോഷങ്ങൾ നടത്തി. ചിലർ 2020 ൽ എങ്ങനെ ബി.സി.സി. കുറേ കൂടി മെച്ചമായി നടത്താമെന്ന് ആലോചിച്ചു നല്ല ചിന്തകൾ പങ്കുവച്ചു. പുതുവർഷത്തിൽ പുതിയ തീരുമാനങ്ങൾ കൂടുതലായി ദൈവത്തെ സ്നേഹിക്കണം ദൈവത്തെ അറിയണം എന്നും ചിലർ ചർച്ച ചെയ്തു.

**കുന്നുംപുറം:** നാല് ബി.സി.സി. യോഗങ്ങളും കൃത്യമായി നടന്നുവരുന്നു. ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പുതുവൽസര രാത്രിയിൽ ദേവാലയത്തിൽ ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. പാവപ്പെട്ടവരെ സഹായിക്കുന്ന പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമാകുവാൻ സാധിച്ചു.

**റവ. ഫാ. മൈക്കിൾ തോമസ്**
അതിരൂപത ഡയറക്ടർ

# അജപാലനശുശ്രൂഷ

**ഫെറോനതലം**

ജനുവരി മാസത്തെ അജപാലന ശുശ്രൂഷസമിതി യോഗം പുല്ലുവിള ഫെറോനയിൽ നടന്നു. അജപാലനശുശ്രൂഷാ എക്സിക്യൂട്ടീവ് യോഗം തൂത്തൂർ ഫെറോനയിൽ നടന്നു.

സഭാ ഐക്യ ക്രിസ്തുമസ് സമ്മേളനം ഡിസംബർ 22ന് പുല്ലുവിള ഫെറോന അജപാലനസമിതിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ഐക്യസഭാസംഗമം കരിങ്കുളം ഇടവകയിൽ വച്ച് സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിൽ ക്രിസ്തുമസിനോട് അനുബന്ധിച്ച് സംഘഗാനമത്സരം സംഘടിപ്പിച്ചു. തുടർന്ന് പൊതുസമ്മേളനത്തിൽ അതിരൂപതാ വികാരി ജനറൽ മോൺ. റവ. ഡോ. സി. ജോസഫ് ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ക്രിസ്തുമസ് സന്ദേശം നൽകി. ഇതിനോടൊപ്പം ഫെറോനാവികാരി റവ. ഫാ. ജോർജ് ഗോമസ് കോർഡിനേറ്റർ അഗസ്റ്റിൻ ജോൺ ആശംസകൾ അർപ്പിച്ചു. സമ്മാനാർഹരായ 36 പേർക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് വികാരി ജനറൽ സമ്മാനങ്ങൾ നൽകി.

**മതബോധനസമിതിയോഗം**

പുല്ലുവിള, കോവളം, വലിയതുറ, തൂത്തൂർ, അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പേട്ട എന്നീ ഫെറോനകളിൽ മതബോധന സമിതി യോഗം നടന്നു.

**ഇടവകതലം**

തൂത്തൂർ ഫെറോനയിൽ എല്ലാ ഇടവകയിലും മതബോധനസമിതി യോഗം നടന്നു.

ഫെറോന നിരീക്ഷണസമിതിയുടെ നേതൃത്വത്തിൽ അഞ്ചുതെങ്ങ് ഫെറോനയിൽ എല്ലാ ഇടവകയിലും തൂത്തൂർ ഫെറോനയിൽ ഇരവിപുത്തൻതുറ, വള്ളവിള എന്നീ ഇടവകയിലും വലിയതുറ ഫെറോനയിൽ കൊച്ചുതോപ്പ് ഇടവകയിലും കോവളം ഫെറോനയിൽ എല്ലാ ഇടവകയിലും സന്ദർശനം നടത്തി.

ഡിസംബർ 22ന് മതബോധന അദ്ധ്യാപകർ ക്രിസ്തുമസ് പുതുവത്സര ആഘോഷപരിപാടികൾ പൂന്തുറ സെന്റ് തോമസ് സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. പൂന്തുറ ഇടവകയിലെ കുട്ടികൾക്കായി 22, 23, തീയതികളിൽ മുട്ടട വച്ച് എസ്.എസ്.എൽ.സി., +2 കുട്ടികൾക്കായി ധ്യാനം സംഘടിപ്പിച്ചു. 50 കുട്ടികൾ പങ്കെടുത്തു.

**റവ. ഫാ. ലോറൻസ് കുലാസ്**
അതിരൂപതാ ഡയറക്ടർ

# കുടുംബപ്രേഷിത ശുശ്രൂഷ

തിരുവനന്തപുരം അതിരൂപത

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 137 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

**ഇന്റെഗ്രൽ പാസ്റ്ററൽ സ്കിൽസ്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയും ഹാൻഡ്മേഡ്സ് ഓഫ് ഹോപ്പും സംയുക്തമായി ജൂനിയർ സിസ്റ്റേഴ്സിനും സീനിയർ കാൻഡിഡേറ്റ്സിനുമായി അജപാലന ശുശ്രൂഷയ്ക്കാവശ്യമായ അറിവുകൾ, സിദ്ധികൾ, മനോഭാവങ്ങൾ എന്നിവ അടങ്ങുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന സൈക്കോ-സ്പിരിചൽ കോഴ്സിന്റെ ജനുവരി മാസത്തെ ക്ലാസ്സ് 16 വ്യാഴാഴ്ച കുടുംബപ്രേഷിത ശുശ്രൂഷയുടെ സെന്റ് ജിയന്ന ഹാളിൽ വച്ച് നടന്നു. 20 ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുത്ത ക്ലാസ്സിൽ ഫാ. എ ആർ ജോൺ ക്ലാസ്സുകൾ നയിച്ചു.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 270 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 265 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 20 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 27 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ടുവഴി 53 വ്യക്തികൾക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായം നൽകുകയും അവരോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്തു.

**പ്രോ-ലൈഫ്, ഫെറോന ആനിമേറ്റേഴ്സ് സംയുക്തയോഗം**

ജനുവരി മാസത്തെ പ്രതിമാസ യോഗം 13-ാം തീയതി തിങ്കളാഴ്ച രിലെ 10 മണിക്ക് ദിവ്യകാരുണ്യാരാധനയോടെ ആരംഭിച്ചു. റവ. സി. ഫൗസ്റ്റീന ആരാധനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന യോഗത്തിലേക്ക് ഫാ. ജോൺ ഏവരെയും സ്വാഗതം ചെയ്തു.

ജനുവരി 27 ന് നടക്കുന്ന ഹൃദയപൂർവ്വം (സാന്ത്വനം മംഗല്യം, കരുണാമയൻ പദ്ധതികളുടെ ധനസഹായ വിതരണം) പ്രോഗ്രാമിനു വേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ഉത്തര വാദിത്തങ്ങൾ ഏൽപിക്കുകയും ചെയ്തു. അന്നേ ദിവസം 2 മണിക്ക് ഇടവകതല കൺവിനേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും കൂടിവരവും പ്ലാൻ & ബഡ്ജറ്റിനെക്കുറിച്ച് ക്ലാസ്സും ഉണ്ടായിരിക്കും.

പ്രൊഫഷണൽ കൗൺസിലേഴ്സിന് 2 ദിവസത്തെ സെമിനാർ ഫെബ്രുവരിയിൽ സംഘടിപ്പിക്കുക, മാർച്ച് 25 ന് നടക്കുന്ന കെ.സി.ബി.സി. പ്രോലൈഫ് സമിതിയുടെ സംസ്ഥാന തല പരിപാടിക്ക് ആതിഥേയത്വം വഹിക്കുന്നതിനു വേണ്ട തയ്യാറെടുപ്പുകൾ, മാര്യേജ് ബ്യൂറോയുടെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിന്റെ ഭാഗമായി ഇടവകാതലത്തിൽ പരിചയ പ്പെടുത്തുന്നതിനു വേണ്ട കാര്യങ്ങൾ ചെയ്യുക എന്നീ കാര്യങ്ങൾ ചർച്ച ചെയ്തതിനു ശേഷം പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഫെറോന തല പ്രവർത്തനങ്ങൾ**

## *കോവളം ഫൊറോന*

പ്രതിമാസയോഗം ജനുവരി 19 ഞായറാഴ്ച ഫെറോന ഓഫീസിൽ വച്ച് ബഹുമാനപ്പെട്ട ജേക്കബച്ചന്റെ അധ്യക്ഷതയിൽ നടന്നു. 6 ഇടവകകളിൽ നിന്നും വന്ന കൺവീനേഴ്സ് അവരുടെ പ്രവർത്തനങ്ങൾ പങ്കുവച്ചു. അതിരൂപതയിൽ 27 ന് നടക്കുന്ന പ്രോഗ്രാമിൽ പങ്കെടുക്കണമെന്നും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പട്ടിക തയ്യാറാക്കണമെന്നും എല്ലാവരെയും ഓർമ്മപ്പെടുത്തി. വിഴിഞ്ഞം, പൂന്തുറ, നെല്ലിയോട്, കാക്കാമൂല എന്നീ ഇടവകകളിൽ നിന്നും സാന്ത്വനം മംഗല്യത്തിന് അപേക്ഷിച്ചവരുടെ ഭവനങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് നൽകി.

പുന്നമൂട് ഇടവകയിൽ കുടുംബങ്ങളുടെ നവീകരണ ധ്യാനം നടത്തി. വിഴിഞ്ഞം ഇടവകയിൽ ക്യാൻസർ രോഗികളെയും വയോധികരെയും ശുശ്രൂഷ സമിതി അംഗങ്ങൾ സന്ദർശിച്ചു. പൂന്തുറ ഇടവകയിൽ "കുട്ടികളിൽ - മാധ്യമങ്ങളുടെ ദുരുപയോഗം" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. ഇതിൽ 55 അമ്മമാർ പങ്കെടുത്തു.

## പേട്ട ഫൊറോന

പേട്ട ഫെറോനയുടെ എക്സിക്യൂട്ടീവ് മിറ്റിംഗ് 17/1/2020 പേട്ട ഫെറോന സെന്ററിൽ വച്ച് ബഹു. പ്രമോദ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. വിവാഹിതരായി ഒരു വർഷം മുതൽ 50 വർഷം വരെയുള്ളവരുടെ ഒരു സംഗമം ഫെബ്രുവരിയിൽ നടത്തുവാൻ തിരുമാനിച്ചു. കുശവർക്കൽ, വികാസ്നഗർ, ഇടവകകളിൽ കിടപ്പുരോഗികൾ, ഏകസ്തർ, വിധവകൾ എന്നിവരുടെ രോഗസന്ദർശനം നടത്തിവരുന്നു.

**ഇടവകതലം**

പേട്ട ഇടവകയിൽ തിരുക്കുടുംബത്തിരുനാൾ ദിനത്തിൽ കുടുംബപ്രേഷിത ശുശ്രൂഷാ സമിതിയും കപ്പിൾസ് ഫോർ ക്രൈസ്റ്റും സംയുക്തമായി ദിവ്യബലിക്കു വേണ്ട ക്രമീകരണം നടത്തി.

മുട്ടട ഇടവകയിൽ കുടുംബസംഗമം ജനുവരി 12, 19 തീയതികളിൽ വളരെ വിപുലമായി ആഘോഷിച്ചു. കലാമത്സരങ്ങളും കായികമത്സരങ്ങളും സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. 12-ാം തീയതി അതിരൂപതാ ഡയറക്ടർ ഫാ. എ ആർ ജോൺ വിവാഹത്തെയും കുടുംബജീവിതത്തെകുറിച്ച് ക്ലാസ്സു നൽകുകയും രൂപതാ തല കുടുംബ പ്രേഷിതശുശ്രൂഷ പ്രവർത്തനങ്ങളെയുംകുറിച്ച് വിശദീകരിക്കുകയും ചെയ്തു. ദിവ്യബലിയുടെ സമാപനത്തിൽ വിവാഹം കഴിഞ്ഞ് 50 വർഷം തികഞ്ഞ ദമ്പതികളെ പൊന്നാടയണിഞ്ഞ് ആദരിച്ചു. 19-ാം തീയതി ഞായറാഴ്ച കായിക മത്സരങ്ങളും കലാസന്ധ്യയും ഒരുക്കിയിരുന്നു.

**വിവാഹ ഒരുക്കസെമിനാർ**

2020 ജനുവരി 10 11 12 തീയതികളിൽ നടന്ന കോഴ്സിൽ 50 പെൺകുട്ടികളും 60 ആൺകുട്ടികളും 2020 ജനുവരി 27 28 29 തീയതികളിൽ നടന്ന ക്ലാസ്സിൽ 60 പെൺകുട്ടികളും 70 ആൺകുട്ടികളും പങ്കെടുത്തു.

വിവാഹ ഒരുക്കസെമിനാർ 2020 ഫെബ്രുവരി 21 22 23 തീയതികളിൽ നടത്തപ്പെടുന്നു.

**മാര്യേജ് ബ്യൂറോ**

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 25 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു.

## തൂത്തൂർ ഫൊറോന

9-ാം തീയതി എക്സിക്യൂട്ടീവ് യോഗം തൂത്തൂരിൽ വച്ച് നടത്തുകയുണ്ടായി. ഏകസ്ഥരുടെ ക്രിസ്തുമസ് പ്രോഗ്രാം 19-ാം തീയതി നടത്തുവാൻ തീരുമാനിച്ചു. അതനുസരിച്ച് 19-ാം തീയതി രാവിലെ 10 മണിമുതൽ 2 മണിവരെ നടത്തി. യോഗത്തിൽ പരിശുദ്ധാത്മാവിന്റെ ഗാനം, വചനം വായിച്ചു. റവ. ഫാ. ജൂലിയസ് സ്വാഗതം ചെയ്തു റവ. ഫാ. ആൻഡ്രൂസ് കോസ്മോസ് ഫൊറോനാ വികാരി ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് റവ. ശ്രീ. വീണ തൂത്തൂർ കോൺവെന്റ് സുപ്പീരിയർ സന്ദേശം നൽകി. മിമിക്രി, ഗാനം എന്നീ പരിപാടികളും ശ്രീ. സ്റ്റീഫൺ രൂപതയിൽ നിന്ന് വന്ന് എല്ലാവർക്കും സന്തോഷം പകരുന്ന തരത്തിൽ ക്ലാസ്സുകൾ എടുക്കുകയുണ്ടായി. ആകെ 67 പേർ പങ്കെടുത്തു. സ്പോൺസറെ കണ്ടെത്തി അവർക്ക് നല്ല സമ്മാനങ്ങൾ 51 ഏകസ്ഥർക്കും സമ്മാനങ്ങൾ നൽകി. 44 പേർക്ക് 44000 രൂപ പെൻഷൻ കൊടുത്തു.

നീരോടി, മാർത്താണ്ഡംതുറ, വള്ളവിള എന്നീ ഇടവകകൾ ചേർന്ന് ഏലീശാ ധ്യാനം നടത്തുകയുണ്ടായി. ഡോ. റൂബി ആരോഗ്യ ബോധവത്കരണ ക്ലാസ് നൽകി. റവ. ഫാ. അസീസി ധ്യാനിപ്പിക്കുകയും ദിവ്യകാരുണ്യ ആരാധന നടത്തുകയും ചെയ്തു. അതിൽ ഫൊറോന ആനിമേറ്റർ ശ്രീമതി ഹെലൻ സേവ്യർ, സിസ്റ്റർ കാതറിൻ പൂത്തുറ ആനിമേറ്റർ, ശ്രീ പിയാത്ത( നീരോടി മദർ) സിസ്റ്റർ റോസ് മാത്യു എന്നിവർ പങ്കുചേർന്നു. അതിൽ 9 വാർഡിൽ നിന്ന് റവ. ഫാ. അസീസ്സിയുടെ നേതൃത്വത്തിൽ കൂടി. 7 പേർ പങ്കെടുത്തു. ആനിമേറ്റർ സിസ്റ്റർ ശ്രീമതി ഹെലൻ എന്നിവർ പങ്കുചേർന്നു. എല്ലാമാസവും മൂന്നാംശനി രോഗികൾക്ക് ദിവ്യബലിവെക്കുവാൻ തീരുമാനിച്ചു.

**പൂത്തുറ:** നവദമ്പതികൾക്ക് വിവാഹശേഷം ജപമാല, ബൈബിൾ കൊടുക്കുവാൻ തീരുമാനിച്ചു.

## പുല്ലുവിള ഫൊറോന

ഭിന്നിച്ച് കഴിയുന്ന കുടുംബങ്ങളെ ഒരുമിച്ചാക്കാൻ സാധിച്ചു. പരുത്തിയൂർ ഗവർമെന്റാശുപത്രിയിലെ കിടപ്പുരോഗികൾക്ക് ആഴ്ച

യിൽ ഒരു ദിവസം ഉച്ചഭക്ഷണം കൊടുത്തുവരുന്നു. കിടപ്പുരോഗികൾക്ക് ലോഷൻ, ക്ലീനിംങ് സാധനങ്ങൾ എത്തിച്ചുകൊടുത്തു. ഇടവകവികാരി വാർഡ് അടിസ്ഥാനത്തിൽ ബൈബിൾ ക്ലാസ് നൽകി വരുന്നു.

**കൊല്ലംങ്കോട്:** ഹൈന്ദവരായ ഒരു കുട്ടിക്ക് കരൾരോഗ ശസ്ത്രക്രിയയ്ക്ക് വേണ്ടതായ ധനസഹായം നൽകി. രോഗീവീടുസന്ദർശനവും പ്രാർത്ഥനയും നടത്തുവാൻ സാധിച്ചു.

* വഴിയോരങ്ങളിലും മെഡിക്കൽ കോളേജുകളിലും നെയ്യാറ്റിൻകര ഹോസ്പിറ്റലുകളിലും പൊതിച്ചോറ് വിതരണം ചെയ്യുന്നതിന് സഹായിച്ചു.

**പള്ളം:** വിശുദ്ധ ഫ്രാൻസീസ് തിരുനാളോടനുബന്ധിച്ചു കുടുംബശുശ്രൂഷ സമിതി അംഗങ്ങൾ എല്ലാ പരിപാടികളിലും പ്രവർത്തനങ്ങളിലും സജീവമായി സഹകരിച്ച് സഹായിച്ചു.

ക്യാൻസർ ബാധിച്ച് ശുശ്രൂഷയിൽ ആയിരിക്കുന്ന രോഗിക്ക് ധനസഹായം നൽകി.

**പൂവ്വാർ:** ഞായറാഴ്ചകളിൽ ദിവ്യബലിക്ക് പങ്കെടുക്കാത്ത കുട്ടികളെ പള്ളിയിൽ കയറി ദിവ്യബലി ഭക്തിയോടെ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

**കരുംകുളം:** കുടുംബശുശ്രൂഷ സമിതി അംഗങ്ങൾ കുടുംബമായി വന്ന് ബൈബിൾ പാരായണം നടത്തി കുടുംബപ്രാർത്ഥനയ്ക്ക് പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു.

**കൊച്ചുതുറ:** വിധവകളെ വിളിച്ചുകൂട്ടി അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരം നൽകി പ്രാർത്ഥിച്ചു. കിടപ്പു രോഗികളെ സന്ദർശിച്ചു. വായിക്കാൻ അറിയാത്തവർക്ക് ബൈബിൾ വായിച്ചു കൊടുത്തു. പാവപ്പെട്ട രോഗിക്ക് മരുന്നുവാങ്ങാനുള്ള ധനസഹായം നൽകി.

* ആരാരുമില്ലാത്ത ഒരു രോഗിയെ ഹോസ്പിറ്റലിൽ കൊണ്ടുപോയി വേണ്ട കാര്യങ്ങൾ ചെയ്തു കൊടുത്തു.

* പുല്ലുവിള, അടിമലത്തുറ എന്നീ ഇടവകകളിൽ രോഗീസന്ദർസനവും കുടുംബ പ്രാർത്ഥനക്ക് പ്രാധാന്യം നൽകിവരുന്നു.

* ഫെറോനയിലെ എല്ലാ ഇടവകകളിലും ഇടവക എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി.

**ഫാ.എ.ആർ. ജോൺ**

അതിരൂപതാ ഡയറക്ടർ

# യുവജന ശുശ്രൂഷ

## കോവളം ഫൊറോന

ഫെറോനതലയോഗം ഡിസംബർ 20, ജനുവരി 12 ൽ 6 മാസത്തിലും കൂടി. യോഗത്തില ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ നടത്തുന്നതിനായി ചർച്ച സംഘടിപ്പിച്ചു. ജനുവരി 11ന് ഫെറോനതല ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ പാലപ്പൂര് ഇടവകയിൽ സംഘടിപ്പിച്ചു.

**ഇടവകതലം - പൂന്തുറ**

സംഘടനാ പ്രവർത്തനങ്ങളിൽ കൂടുതൽ ഊർജ്ജസ്വലമാക്കാൻ പൂർവ്വകാല കെ.സി.വൈ.എം. അംഗങ്ങളുമായി യോഗം കൂടുകയുണ്ടായി. ക്രിസ്മസ് ആഘോഷം തുടക്കം കുറിച്ച് പള്ളിയങ്കണത്തിൽ നക്ഷത്രങ്ങൾ അലങ്കരിച്ചു. ജനറൽ ബോഡി മീറ്റിങ്ങിൽ വച്ച് ശേഖരിച്ച തുക കാരുണ്യപ്രവൃത്തിയുടെ ഭാഗമായി ഒരു കുടുംബത്തിന് വിനിയോഗിച്ചു. എല്ലാ മാസവും മനാസെ പ്രാർത്ഥന നടക്കുന്നു. നഴ്സറി കുട്ടികളെ സന്തോഷിപ്പിക്കുന്നതിനായി കുട്ടികൾക്ക് ക്രിസ്മസ് ഗിഫ്റ്റുകൾ നൽകി. എല്ലാ മാസവും മ്യൂസിക് ക്ലാസ് നടത്തിവരുന്നു.

**ജീസസ്സ് യൂത്ത്**

13-ാം തീയതി പ്രാർത്ഥനാ കൂട്ടായ്മക്കായി നൈറ്റ് വിജിൽ നടത്തി. 21-ാം തീയതി കിടപ്പുരോഗികൾക്കായി വി. കുർബാനയും ഒപ്പം ക്രിസ്മസ് ആഘോഷവും നടത്തി

**വലിയതുറ**

ഇടവകതല യോഗം 10 ൽ 8 ഇടവകയിൽ യോഗം സംഘടിപ്പിച്ചു. ഫെറോന എക്സിക്യൂട്ടീവ് ജനുവരി 6ന് യോഗം നടന്നു. ഫെറോന ക്രിസ്മസുമായി ബന്ധപ്പെട്ട് പുൽക്കൂട് മത്സരം സംഘടിപ്പിച്ചു. ഫെറോന ടീം ഇടവകതലത്തിൽ വിസിറ്റ് ചെയ്തു. കണ്ണാന്തുറ ഇടവകയിൽ തെയ്സെയീവ് പ്രാർത്ഥന സംഘടിപ്പിച്ചു.

## തൂത്തൂർ ഫൊറോന

ഫെറോന എക്സിക്യൂട്ടീവ് യോഗം നടന്നു. ഡിസംബർ 15ന് കലാപരമായ മത്സരം സംഘടിപ്പിച്ചു. 5 ഇടവക പങ്കെടുത്തു.

**റവ. ഫാ. ലെനിൻ ഫെർണാണ്ടസ്**

അതിരൂപതാ ഡയറക്ടർ

# വിദ്യാഭ്യാസശുശ്രൂഷ

**രൂപതാതലം**

തിരു. അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ ആഭിമുഖ്യത്തിൽ പഠന പ്രക്രിയ വഴി വിദ്യാർത്ഥികളെ അനുധാവനം ചെയ്ത് വിദ്യാഭ്യാസത്തിൽ അവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ 'സഹയാത്രി' എന്ന പദ്ധതിയുടെ 2-ാം ഘട്ടം ജനുവരി 11-ാം തീയതി സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. തിരുവനന്തപുരത്ത് വച്ച് രാവിലെ 10 മണി മുതൽ 2 മണി വരെ "ആത്മവിശ്വാസത്തോടുകൂടി പരീക്ഷ ഹാളിലേയ്ക്ക്" കുട്ടികളെ എത്തിക്കുന്ന എന്ന ലക്ഷ്യത്തോടെ പഠന ശീലങ്ങളും സ്വാവബോധവും ജീവിത ലക്ഷ്യങ്ങളെപറ്റിയും ശ്രീ. ജോയ് ജോൺ, ശ്രീമതി ലിറ്റി ലൂസിയ സൈമൺ എന്നീ സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. തിരുവനന്തപുരത്തെ അധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. **ഐ.ഇ.ഐ.റ്റി.സി. കോഴ്സസ്:** വിദ്യാഭ്യാസ ശുശ്രൂഷ സെന്റർ ഫോർ അമേരിക്കൻ സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ ബി.സി.സി. നഴ്സിംങ് കഴിഞ്ഞ പാവപ്പെട്ട 15 ഉദ്യോഗാർത്ഥികൾക്ക് OET (Occupational English Test) and IEITS( The International English Language Testing System) എന്നീ കോഴ്സുകൾക്ക് ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുന്നോടിയായി ജനുവരി 17-ാം തീയതി രാവിലെ 10.30 മുതൽ 12 മണിവരെ വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ റവ. ഫാ. മെൽക്കന്റെ അധ്യക്ഷതയിൽ യോഗം കൂടുകയും ക്ലാസ്സിനെകുറിച്ചുള്ള ചർച്ചകൾ നടത്തുകയും ചെയ്തു.

24-ാം തീയതി അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ റവ. ഫാ. മെൽക്കന്റെ നേതൃത്വത്തിൽ ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ കോർഡിനേറ്റർ അച്ചൻമാരുടെയും സിസ്റ്റർ ആനിമേറ്റർമാരുടെയും യോഗം രാവിലെ 10.30ന് വിദ്യാഭ്യാസ ശുശ്രൂഷ ആഫീസിൽ കൂടുകയുണ്ടായി. യോഗത്തിൽ അതിരൂപതാ വിദ്യാഭ്യാസ പ്രവർത്തനങ്ങളെപറ്റിയും 2020-21 പ്ലാൻ & ബഡ്ജറ്റിനെപറ്റിയും ചർച്ച ചെയ്തു.

**ഫൊറോനാതലം**

വിദ്യാഭ്യാസ ശുശ്രൂഷാസമിതി യോഗങ്ങൾ നടന്ന ഫൊറോനകൾ വലിയതുറ, പുല്ലുവിള, കോവളം, തൂത്തൂർ, അഞ്ചുതെങ്ങ്,

പുതുക്കുറിച്ചി എന്നീ ഫെറോനകളിൽ ഫെറോനസമിതിയോഗങ്ങൾ കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. പുല്ലുവിള, വലിയതുറ, അഞ്ചുതെങ്ങ് എന്നീ ഫെറോനകളിൽ 2020-ലെ പ്ലാൻ & ബഡ്ജറ്റ്ന്റെ കരടു തയ്യാറാക്കി.

## പുതുക്കുറിച്ചി ഫൊറോന

ജനുവരി 19ന് സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് ഫെറോന ജനറൽ ബോഡിയോഗം സംഘടിപ്പിച്ചു. ഇതിൽ 3 പേർ പങ്കെടുത്തു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ഫെറോനാവികാരി ഫാ. ജോർജ്ജ് പോൾ നിർവ്വഹിക്കുകയും അതിരൂപതാ ഡയറക്ടർ ഫാ. മെൽക്കൺ വിദ്യാർത്ഥി കേന്ദ്രീകൃത സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ആമുഖം അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് അതിരൂപതാ റിസ്സോഴ്സ് ടീം അംഗമായ സ്റ്റാലിൻ സാർ സ്റ്റുഡന്റ്സ് ഫോറം അധ്യാപക ഫോറം, ഡാറ്റാ കളക്ഷൻ ബി.സി.സി. തലത്തിൽ സ്റ്റുഡന്റ്സ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ എപ്രകാരം നടപ്പിലാക്കാം എന്നതിനെക്കുറിച്ചുള്ള ക്ലാസിനോടാപ്പം 2020-21 വർഷത്തെ പ്ലാൻ & ബഡ്ജറ്റ് ന്റെ ഉൾപ്പെടുത്തേണ്ട പ്രോഗ്രാമിനെക്കുറിച്ചുള്ള വിശദീകരണം നടത്തി.

**സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്:** പുല്ലുവിള ഫൊറോനയിൽ 4 ക്ലാസ്സുകൾ ഈ മാസം ക്രമീകരിച്ചു.

ഡിഫൻസ് പരിശീലനം പുല്ലുവിള ഫെറോനയിൽ സംഘടിപ്പിച്ചിരുന്ന പരിശീലിനത്തിനുശേഷം കേന്ദ്ര സർക്കാർ സംഘടിപ്പിച്ച റിക്രൂട്ട്മെന്റ് റാലിയിൽ പങ്കെടുത്തിരുന്ന 26 പേരിൽ നിന്നും 20 യുവാക്കൾ കായിക ക്ഷമതാ പരീക്ഷയിൽ മെഡിക്കലിലും യോഗ്യത നേടിയ 20 പേർക്ക് എഴുത്തു പരീക്ഷയ്ക്കായുള്ള പരിശീലന ക്ലാസു നൽകുകയും ജനുവരി 19ന് കേന്ദ്രസർക്കാർ സംഘടിപ്പിച്ച എഴുത്തുപരീക്ഷ എഴുതി ഫലം പ്രതീക്ഷിച്ചിരിക്കുന്നു.

**എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കായുള്ള മെഡിക്കൽ/ നൈറ്റ് സ്റ്റഡി:** പുല്ലുവിള ഫെറോനയിൽ പുല്ലുവിള, പുതിയതുറ, കരുംകുളം, പൂവ്വാർ, കൊല്ലംങ്കോട് എന്നീ ഇടവകകളിൽ 6 മണി മുതൽ 8 മണിവരെ വിവിധ വിഷയങ്ങളിൽ മേലുള്ള പരിശീലനം പ്രഗൽഭരായ അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നു. യഥാക്രമം 164, 38, 29, 32, 43 എന്നീ ക്രമത്തിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. അഞ്ചുതെങ്ങ് ഫെറോനയിൽ അഞ്ചുതെങ്ങ്, മാമ്പള്ളി, പൂത്തുറ

എന്നീ ഇടവകകളിൽ യഥാക്രമം 230, 72, 35 എന്നീ ക്രമത്തിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. വലിയതുറ ഫെറോനയിൽ വെട്ടുകാട്, വലിയതുറ എന്നീ ഇടവകകളിൽ യഥാക്രമം 212, 85 എന്നീ ക്രമത്തിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. കോവളം ഫെറോനയിൽ വിഴിഞ്ഞം, പൂന്തറ, എന്നീ ഇടവകകളിൽ 250, 270, കുട്ടികൾ പങ്കെടുക്കുന്നു. വിവിധ വിഷയങ്ങൾക്കായുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

**പി.എസ്.സി. ഓറിയന്റേഷൻ ക്ലാസ്സ്:** വലിയതുറ ഫെറോനയിൽ വേളി ഇടവകയിൽ വച്ച് എല്ലാ ശനിയാഴ്ച ദിവസങ്ങളിലും ഓറിയൻഷ്രേൻ നടന്നുവരുന്നു. ഇതിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. മറ്റിടവകകളെയും ഉൾപ്പെടുത്തി വൈകുന്നേരങ്ങളിൽ 4 മണി മുതൽ 6.30 വരെ നടന്നു വരുന്നു.

**സ്റ്റുഡന്റ്സ് ഫോറം:** പുല്ലുവിള ഫെറോനയിൽ പള്ളം ഇടവകയിലും വലിയതുറ ഫെറോനയിൽ സെൻ്സേവ്യഴ്സ് ഇടവകയിലും അഞ്ചുതെങ്ങ് ഫെറോനയിൽ അഞ്ചുതെങ്ങ്, മാമ്പള്ളി, ആറ്റിങ്ങൽ എന്നീ ഇടവകയിൽ പുതുക്കുറിച്ചി ഫെറോനയിൽ മര്യനാട്, പള്ളിത്തുറ, സെന്റാൻഡ്രൂസ്, കഴക്കൂട്ടം ഫെറോനയിൽ മുരുക്കുംപുഴയിലും കോവളം ഫെറോനയിൽ വിഴിഞ്ഞം ഇടവകയിലും ഒരു പ്രാദേശികത്തിലും നടന്നു.

കോവളം ഫെറോനയിൽ ഡിസംബർ 4 ന് ഫെറോനാതലത്തിൽ കൺവീനേഴ്സിന് ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. നവംബർ 8ന് വിഴിഞ്ഞം ഇടവകയിൽ അധ്യാപകഫോറത്തിലെ അംഗങ്ങൾക്ക് ക്ലാസ് നൽകി. 55 അംഗങ്ങൾ പങ്കെടുത്തു. നവംബർ 6ന് പൂന്തുറ ഇടവകയിൽ അധ്യാപക ഫോറത്തിന് ക്ലാസ് നൽകി. 80 അധ്യാപകർ പങ്കെടുത്തു.

**ഇടവകതലം**

പുല്ലുവിള ഫെറോനയിലെ പുതിയതുറ ഇടവകയിൽ 5-ാം ക്ലാസു മുതൽ 9-ാം ക്ലാസു വരെയുള്ള വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്, ഹിന്ദി, കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പരിശീലനം നൽകി വരുന്നു. 150 വിദ്യാർത്ഥികൾ പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്നു.

ഇതിനോടൊപ്പം 40 അമ്മമാർക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് നൽകിവരുന്നു. പി.എസ്.സി. ക്ലാസ് നമ്പ്യാതി, പുതിയതുറ,

പൂവ്വാർ എന്നീ ഇടവകയിൽ നടന്നു വരുന്നു. പേട്ട ഫൊറോന യിൽ പോങ്ങുംമൂട് ഇടവകയിൽ ഫെറോനാതലത്തിൽ പി.എസ്. സി. പരിശീലനം ക്ലാസ്സ് നടന്നു വരുന്നു. വലിയതുറ ഫെറോന യിൽ വലിയ ഇടവകയിലും പി.എസ്.സി. പരിശീലന ക്ലാസ്സ് നടന്നു വരുന്നു. ഇതിൽ 8 വിദ്യാർത്ഥികളും പങ്കെടുക്കുന്നു.

കോവളം ഫെറോനയിൽ വിഴിഞ്ഞം ഇടവകയിൽ ജനുവരി 19 3.30 ന് വിദ്യാർത്ഥി ഫോറത്തിലെ വിദ്യാർത്ഥികൾക്കും മാതാ പിതാക്കൾക്കും ഫോറ രൂപീകരണത്തിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. ജെസ്റ്റിൻ ജൂഡിൻ വിദ്യാഭ്യാസ കൺവീനർ എന്നി വർ പങ്കെടുത്തു. പൂന്തുറ ഇടവകയിൽ വിദ്യാർത്ഥി ഫോറത്തിന്റെ ക്രമീകരണങ്ങൾ നടന്നു വരുന്നു.

**ഇടവക സമിതി യോഗങ്ങൾ**

തൂത്തൂർ ഫെറോനയില 8 ൽ 4 ഇടവകയിലും പുല്ലുവിള ഫെറോനയിൽ 15 ൽ 7 ഇടവകയിലും വലിയതുറ ഫെറോനയിൽ 10 ൽ 8 ഇടവകയിലും കോവളം ഫെറോനയില 14 ൽ 8 ഇടവക യിലും പേട്ട ഫെറോനയിൽ 9 ഇടവകകളിൽ 4 ഇടവകയിലും ഇട വക സമിതിയോഗങ്ങൾ ക്രമീകരിച്ചു.

**റവ. ഫാ. മെൽക്കൺ**
അതിരൂപതാ ഡയറക്ടർ

# കെ.സി.എസ്.എൽ.

**1.** ഡിസംബർ 20-ാം തീയതി പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ച സൂസപാക്യം മെത്രാപ്പൊലീത്തയ്ക്ക് മീഡിയ കമ്മീഷനും കെ.സി.എസ്.എൽ. ഉം സംയുക്തമായി സംഘടിപ്പിച്ച "പിതാവിനൊരാശംസ" എന്ന തലകെട്ടിൽ അതിരൂപതയിലെ കത്തോലിക്കാ സ്കൂളുകളിലെ വിദ്യാർത്ഥികൾ സ്വന്തമായി തയ്യാറാക്കിയ 168 ക്രിസ്തുമസ് ആശംസ കാർഡ് ഡിസംബർ 20-ാം തീയതി വെള്ളയമ്പലം ആർച്ച് ബിഷപ്പ്സ് ഹൗസിൽ പ്രദർശിപ്പിക്കുകയുണ്ടായി. അന്നേ ദിവസം വിവിധ സ്കൂളുകളിൽ നിന്ന് 100 ലധികം വിദ്യാർത്ഥികൾ പിതാവിന് ആശംസ അർപ്പിക്കുവാൻ ആർച്ച് ബിഷപ്സ് ഹൗസിൽ രാവിലെ 10 മണിക്ക് റവ. ഫാ. ജേക്കബ് സ്റ്റെല്ലസിന്റെ സാന്നിധ്യത്തിന് പിതാവിന് ആശംസ അർപ്പിച്ചു.

**2.** പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പിതാവിന്റെ "ഭവനം ഒരു സമ്മാനം" എന്ന പദ്ധതിയിലേക്ക് കെ.സി.എസ്.എൽ. സംഘടനയുടെ നേതൃത്വത്തിൽ നിർദ്ധനരായ ഒരു വിദ്യാർത്ഥിക്ക് ഒരു ഭവനം സമ്മാനമായി നൽകുന്നതിന്റെ ഭാഗമായി പുൽക്കൂട് എന്ന പേരിൽ നറുക്കെടുപ്പിലൂടെ ലഭിച്ച 3 ലക്ഷം രൂപ ഡിസംബർ 20-ാം തീയതി കെ.സി.എസ്.എൽ. കുടുംബാംഗങ്ങൾ റവ. ഫാ. ജേക്കബ് സ്റ്റെല്ലസിന്റെ സാന്നിദ്ധ്യത്തിൽ പിതാവിന് നൽകുകയുണ്ടായി.

**3.** നവംബർ 9-ാം തീയതി മുതൽ "പുൽക്കൂട്" എന്ന പേരിൽ നറുക്കെടുപ്പിനുള്ള കൂപ്പണുകൾ ചെയ്യുകയുണ്ടായി. ഡിസംബറിൽ കൂപ്പണുകൾ കളക്റ്റ് ചെയ്യുവാൻ ആരംഭിച്ചു. എന്നാൽ വളരെ കുറച്ചു സ്കൂളുകൾ മാത്രമാണ് സഹകരിച്ചത്. ആ കൂപ്പണുകൾ ജനുവരി 8-ാം തീയതി കെ.സി.എസ്.എൽ. ഓഫീസിൽ വച്ച് റവ. ഡോ. ഡൈസൺ (ആർ.സി. സ്കൂൾ മാനേജർ) നും റവ. ഫാ. ഷൈനിഷ് ബോസ്കോ (ആർച്ച് ബിഷപ്പ് സെക്രട്ടറി)യും കെ.സി.എസ്.എൽ എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്നു നറുക്കെടുപ്പ് നടത്തുകയുണ്ടായി. 1-ാം സമ്മാനം പൂന്തുറ ഇടവകയിലെ റിജോ നേടുകയുണ്ടായി. കൂടാതെ 10-ാം സ്ഥാനംവരെയുള്ള 10 പേരെയും 300 പ്രോത്സാഹന സമ്മാന വിജയികളെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു

**ഫാ. ജേക്കബ് സ്റ്റെല്ലസ്**
ഡയറക്ടർ, കെ.സി.എസ്.എൽ.

# സാമൂഹ്യശുശ്രൂഷ

## അഞ്ചുതെങ്ങ് ഫൊറോന

ഇടവക എക്സിക്യൂട്ടീവ് യോഗം 10 ൽ 7 നടന്നു. യോഗങ്ങളിൽ പ്ലാൻ അനുസരിച്ച് പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. എല്ലാ ഇടവക യോഗങ്ങളിലും ഭവനം ഒരു സമ്മാന പദ്ധതി 4-ാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകരിൽ ഗുണഭോക്താക്കളെ സെലക്റ്റ് ചെയ്തു ഫെറോനയിൽ നൽകി. ഫെറോന വർക്കേഴ്സ് മീറ്റിംഗ് ജനുവരി 11ന് അഞ്ചുതെങ്ങ് ഫൊറോന സെന്ററിൽ വച്ചു നടന്നു. സ്വയം സഹായ സംഘങ്ങളുടെ ഫൊറോനായോഗം ഇടവകയോഗം 8 ൽ 8 നടന്നു. യോഗങ്ങളിൽ ഉണർവ്വ് പഠന പത്രിക അവബോധം നൽകി. ആക്റ്റിവിറ്റി ഗ്രൂപ്പുകൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി.

എസ്.എ. എഫ്.പി. ഗുണഭോക്താക്കളുടെ ഭവനസന്ദർശനം നടത്തി കുടുംബ നിലവാരം കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം എന്നിവ ഉറപ്പ് വരുത്തി. കെ.എൽ.എം. ഫൊറോന യോഗം ഇടവക യോഗങ്ങൾ 7 ൽ7 നടന്നു. തയ്യൽ തൊഴിലാളി ഫോറം യോഗം 2 ൽ 2 നടന്നു.

ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായ് ക്യാൻസർ രോഗീസന്ദർശനം വയോമിത്രം മെഡിക്കൽ ക്യാമ്പ്, L/F ഭവന സന്ദർശനം എന്നിവ നടന്നു. ചൈൽഡ് ലൈന്റെ ഭാഗമായ് കപ്പാസിറ്റി കോ-ഓർഡിനേറ്റർ ശ്രീമതി.ലെയ യുടെ നേതൃത്വത്തിൽ ഓപ്പൺ ഹൗസ് ജനുവരി 7ന് നടന്നു. തുടർന്ന ഓപ്പൺ ടീം അംഗങ്ങൾ, എക്സൈസ് ഓഫീസർ, സബ് ഇൻസ്പെക്ടർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ പഞ്ചായത്ത് പ്രതിനിധികൾ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ പങ്കെടുത്തു. കുട്ടികൾ തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ചൈൽഡ് പാർലമെന്റ് യോഗം 7 ൽ 7 നടന്നു. എ.എ. ഗ്രൂപ്പ് യോഗം അഞ്ചുതെങ്ങ് ഇടവകയിൽ നടന്നു.

## പാളയം ഫൊറോന

ലക്കിടിപ്പ് കൂപ്പൺ നറുക്കെടുപ്പിലൂടെ 28 ഭാഗ്യശാലികൾക്ക് സ്പോൺസറിന്റെ സഹായത്തോടെ സമ്മാനം വിതരണം നടത്തി. 72800 രൂപ ഫെറോന ഫണ്ടിലേക്കും 4200 രൂപ ഇടവകകളിലേക്കും സമാഹരിക്കാൻ സാധിച്ചു. ഇടവകതലയോഗങ്ങൾ 18 ൽ 14 നടന്നു.

* എച്ച്.ജി. ഫൊറോന യോഗവും പുതുവത്സരാഘോഷവും വെള്ളയമ്പലത്ത് വച്ച് നടന്നു. രൂപത സാമൂഹ്യ ശുശ്രൂഷ അസി.ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ് ആശംസകൾ അറിയിച്ചു.
* പൂഴിക്കുന്ന് ഇടവകയിലെ കാരുണ്യപൂർവ്വം ഗുണഭോക്താവായ ഒരംഗത്തിന് പേട്ട ഫൊറോന കുന്നുംപുറം ഇടവകയിലെ റ്റി.എസ്.എസ്.എസ്., കെ.സി.വൈ.എം. എന്നിവരുടെ നേതൃത്വത്തിൽ 15000 രൂപയുടെ സഹായം നൽകി.
* ജനുവരി 12 ന് കെ.എൽ.എം. ഫൊറോന യോഗം നടന്നു. ഇടവകതല റിപ്പോർട്ടുകൾ അവതരിപ്പിച്ച് വിലയിരുത്തി.
* മുടവൻമുകൾ ഇടവകയിൽ പേപ്പർ ക്യാരിബാഗ്, ലോഷൻ, സോപ്പ് എന്നിവ ഉണ്ടാക്കുന്നതിനുള്ള പരിശീലന പരിപാടി ജനുവരി 19ന് സംഘടിപ്പിച്ചു. 24 അംഗങ്ങൾ പങ്കെടുത്തു. ജനുവരി 11ന് ഫെറോനതലത്തിൽ വനിതകൾക്ക് 'ലൈംഗികരോഗങ്ങൾ, പ്രതിവിധികൾ' എന്ന വിഷയത്തിൽ ഡോ. ശോഭ മാത്യു ക്ലാസ് നൽകി. 47 അംഗങ്ങൾ പങ്കെടുത്തു.
* തൃക്കണ്ണാപുരം ഇടവകയിലെ ഭിന്നശേഷിയുള്ള ഒരു കുട്ടിയുടെ ഭവനസന്ദർശനം നടത്തി.
* ഫൊറോനതലത്തിൽ കെ.എൽ.എം. അംഗങ്ങൾക്ക് കമ്പോസ്റ്റ് സിസ്റ്റത്തെക്കുറിച്ചുള്ള ക്ലാസ് ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ ശ്രീ. അജിത് കുമാർ നൽകി. 40 അംഗങ്ങളുടെ പങ്കാളിത്തമുണ്ടായിരുന്നു.
* കുടപ്പനക്കുന്ന് ഇടവകയിലെ ഒരു പ്രവാസിയുടെ ഭവനസന്ദർശനം നടത്തി. ഇരു കാലിന്റെയും മുട്ടിന് താഴെ മുറിച്ചുമാറ്റപ്പെട്ട് 7 വർഷമായി കിടപ്പിലായ അംഗങ്ങത്തിന് റോട്ടറി, റീച്ച് എന്നീ സംഘടനകളുടെ സഹായത്തോടെ സൗജന്യമായി ഒരു വീൽ ചെയർ ലഭ്യമാക്കി.
* പാളയം ഇടവക ചൈൽഡ് പാർലമെന്റ് കുട്ടികൾക്ക് മാലിന്യനിർമ്മാർജ്ജനം, പ്ലാസ്റ്റികിന്റെ ദൂഷ്യങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ് നൽകി.

## തൂത്തൂർ ഫൊറോന

### 1. നീതി സമാധാന വികസന വിഭാഗം

**ഫൊറോന എക്സിക്യൂട്ടീവ് യോഗം:** അടിസ്ഥാന സൗകര്യ കമ്മീഷന്റെ ഭാഗമായി 9-ാം തീയതി 'ഭവനം ഒരു സമ്മാനം' പദ്ധതിയിലെ ഫൊറോനയിൽ നിന്നു തെരഞ്ഞെടുത്ത 6 ഗുണഭോക്താ

ക്കളെ സന്ദർശിച്ച് വിവരശേഖരണം ഹൗസിങ്ങ് കോർഡിനേറ്റർ ശ്രീമതി. ജറാൾഡ്, ശ്രീമതി നിഷ നടത്തുകയും ചെയ്തു.

**സ്വയം സഹായ സംഘങ്ങൾ** 14-ാം തീയതി ഫൊറോന ഫെഡറേഷൻ യോഗത്തിൽ ടെയിലറിംഗ് ട്രെയിനിംഗിനെക്കുറിച്ചുള്ള ചർച്ച നടത്തി. 11, 13, 14 എന്നീ തീയതികളിൽ ഇടവക ഫെഡറേഷൻ 3 ൽ 3 യോഗം നടന്നു. 14-ാം തീയതി പുതിയതായി സെന്റ് മൈക്കിൾ എന്ന നാമത്തിൽ എസ്.എച്ച്.ജി. രൂപീകരിച്ചു.

എസ്.എൻ.പി. 20-ാം തീയതി പൂന്തുറ 2, തൂത്തൂർ 1, വള്ളവിള 2 എന്നീ ക്രമത്തിൽ വിസിറ്റ് നടത്തി ഈ 5 ഗുണഭോക്താക്കളുടെയും ഈയർ പ്ലാനിംഗ് സ്വയം തൊഴിൽ വിലയിരുത്തൽ എന്നിവ നടത്തുകയുണ്ടായി.

ഓഖി പ്രവർത്തനം 14-ാം തിയതി ഓഖി ഗുണഭോക്താക്കളുടെ 93 പാസ് ബുക്ക് 3 ബാങ്കുകളിലായി അപ്പ്ഡേറ്റ് ചെയ്തു. 4-ാം തീയതി ഓഖി ബാധിതരുടെ വള്ളവിളയിലെ ഭവനങ്ങൾ സന്ദർശനം നടത്തി. 5-ാം തീയതി നീരോടി ഇടവകയിലെ ഓഖി ബാധിതർക്ക് ഇടവക വികാരി ഫാ. ടോണി ഹാംലെറ്റിന്റെ സാന്നിദ്ധ്യത്തിൽ സ്വയം തൊഴിലിനാവശ്യമായ തുക പിൻവലിക്കാനുള്ള ചെക്ക് വിതരണം ചെയ്തു. വള്ളവിള ഇടവകയിൽ ഓഖി ബാധിതർക്ക് സ്വയം തൊഴിലിനെ കുറിച്ചുള്ള ബോധവത്കരണം സിസ്റ്റർ ശോഭ നൽകി.

**ആരോഗ്യകാര്യ കമ്മീഷൻ** 4-ാം തീയതി പൂത്തുറ ഇടവകയിൽ ഐ ക്യാമ്പ് 14-ാം തീയതി വള്ളവിളയിൽ മൊബൈൽ ക്യാമ്പ് എന്നിവ നടന്നു. 21-ാം തീയതി തൂത്തൂർ ഇടവകയിൽ വച്ച് ഇടവക വികാരി ഫാ. ജോൺ ഡാലിന്റെ സാന്നിദ്ധ്യത്തിൽ ആർ.റ്റി. ഐ., യു.റ്റി.ഐ., എസ്.റ്റി.ഐ. കുറിച്ചുള്ള ബോധവത്കരണം നൽകുകയുണ്ടായി.

**പ്രവാസികാര്യ കമ്മീഷൻ** 19-ാം തീയതി നീരോടി ഇടവകയിൽ വച്ച് പ്രവാസി എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺ ഡാൾ, കോർഡിനേറ്റർ സിസ്റ്റർ സുജ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷനെക്കുറിച്ചുള്ള ബോധവത്കരണം ശ്രീ. അരുൺ നൽകുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 38 അംഗങ്ങൾ പങ്കെടുത്തു.

* ചൈൽഡ് പാർലമെന്റ് യോഗം നടന്നു.

* 22-ാം തീയതി പൂത്തുറ സെന്റ് ജോസഫ് സ്കൂൾ, സെന്റ് നിക്കോളാസ് സ്കൂളിൽ നീരോടിയിൽ വച്ച് ചൈൽഡ് ലൈൻ ബോധവത്കരണ ക്ലാസ് നടന്നു. ഇതിൽ 385 കുട്ടികൾ പങ്കെടുത്തു.

## വലിയതുറ ഫൊറോന

* ഫൊറോന എക്സിക്യൂട്ടീവ് യോഗം ജനുവരി 11ന് 2020 ൽ ഫെറോന ഓഫീസിൽ വച്ചു നടന്നു. ഫെറോന പ്ലാൻ പ്രകാരം പദ്ധതികൾ പ്ലാൻ ചെയ്തു.
* ഇടവകതല യോഗങ്ങൾ 10 ൽ 8 നടന്നു.
* അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി വലിയതുറ ഫെറോനയിൽ അനുവദിച്ച 7 ഭവനങ്ങളുടെയും സന്ദർശനം പൂർത്തിയാക്കി. 20 ടോയ്ലറ്റുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.
* സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോന യോഗം, ഇടവകതലയോഗം എസ്.എച്ച്.ജി. സന്ദർശനം ഇവ നടത്തി.
* കെ.എൽ.എം. യൂണിറ്റ് യോഗം സെന്റ് സേവ്യഴ്സ് ഇടവകയിൽ നടന്നു.
* ചൈൽഡ് പാർലമെന്റ് യോഗം 7 ൽ 6 ഇടവകയിൽ നടന്നു. തോപ്പ് ഇടവകയിൽ പൂന്തോട്ട നിർമ്മാണത്തിനായി ഇടവക പരിസരത്ത് അനുവാദം ലഭിച്ചു. കൊച്ചുവേളി ഇടവകയിൽ ലീഡർഷിപ്പിനെക്കുറിച്ച് ക്ലാസ് നൽകി.
* പ്രവാസിഫോറത്തിന്റെ ഭാഗമായി ഭവനസന്ദർശനം, അന്യസംസ്ഥാന തൊഴിലാളി സന്ദർശനം ഇവ നടത്തി.
* പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വലിയതോപ്പ് ഇടവകയിൽ എയ്നോബിക് ബിൻ നിർമ്മിക്കുന്നതിന് കോർപ്പറേഷൻ അനുവാദം ലഭ്യമായി.

## കോവളം ഫൊറോന

ഫൊറോന എക്സിക്യൂട്ടീവ് യോഗം ഡിസംബർ 15ന് നടന്നു. ഇടവകതലയോഗങ്ങൾ 12 ൽ 9 നടന്നു.

എസ്.എച്ച്.ജി. ഫൊറോനയോഗം ജനുവരി 29 ന് നടന്നു.

ഓർഗനൈസേഴ്സ് യോഗം ജനുവരി 29 ന് നടന്നു. ജനുവരി 13ന് വിഴിഞ്ഞം ഇടവകയിലും ജനുവരി 10ന് പൂന്തുറ ഇടവകയിലും ഫെഡറേഷൻ യോഗങ്ങൾ കൂടി. കെ.എൽ.എം. ഫെറോനയോഗം ജനുവരി 19ന് നടന്നു. കെ.എൽ.എം. യൂണിറ്റ് യോഗങ്ങൾ അഞ്ചു ഇടവകയിൽ നടന്നു. ജനുവരി 12ന് കാക്കാമൂല ഇടവകയിൽ കർഷകഫോറം രൂപീകരിച്ചു.

ജനുവരി 8ന് വിഴിഞ്ഞം ഇടവകയിൽ വച്ച് തയ്യൽ തൊഴിലാളി യോഗം കൂടി. ജനുവരി 15ന് നെല്ലിയോട് ഇടവകയിൽ ഐ ക്യാമ്പ്

നടത്തി. ജനുവരി 14ന് വിഴിഞ്ഞം ഇടവകയിൽ വച്ച് ജീവിതശൈലി രോഗനിർണ്ണയക്യാമ്പ് നടത്തി.
ജനുവരി 19ന് പൾസ് പോളിയോ വാക്സിൻ വിഴിഞ്ഞം റ്റി.എസ്.എസ്.എസ്. ഓഫീസിൽ വച്ചു നടത്തി. ജനുവരി 18ന് വയോമിത്ര ക്യാമ്പു നടത്തി. ജനുവരി 13ന് പ്ലാസ്റ്റിക്കിന്റെ ദൂശ്യവശങ്ങളെക്കുറിച്ച് വിഴിഞ്ഞം ഇടവകയിൽ വച്ച് സിസ്റ്റർ ജോൽസിന ക്ലാസ് നടത്തി.
ജനുവരി 25ന് വിഴിഞ്ഞം സെന്റ് മേരീസ് സ്കൂളിൽ പരിസ്ഥിതി സംരക്ഷണ ക്ലാസ് നടത്തി. സ്റ്റിക്കർ ക്യാമ്പയിൻ നടത്താൻ വിഴിഞ്ഞം, പൂങ്കുളം സ്കൂൾ വിസിറ്റു ചെയ്തു. പാലപ്പൂര് ഇടവകയിൽ നിന്നും 4 അംഗങ്ങൾ ക്ഷേമനിധിയിൽ ചേരാൻ 211 രൂപ വീതം നൽകി. ജനുവരി 25ന് മദ്യത്തിന്റെ ദൂഷ്യത്തെക്കുറിച്ച് ബോധവത്കരണം നടത്തി.

## *പുല്ലുവിള ഫൊറോന*

* സാമൂഹ്യ ശുശ്രൂഷാസമിതി ഫെറോനായോഗം ജനുവരി 4ന് കൊച്ചുപള്ളിയിൽ വച്ച് നടന്നു. യോഗത്തിൽ 16 അംഗങ്ങൾ പങ്കെടുത്തു.
* ഫെറോന വർക്കേഴ്സ് യോഗം ജനുവരി 4ന് കൊച്ചുപള്ളി ഫൊറോന സെന്ററിൽ വച്ച് നടന്നു. 20 അംഗങ്ങൾ പങ്കെടുത്തു.
* ഭവനം ഒരു സമ്മാനം 4-ാം ഘട്ട പദ്ധതിയിലേക്കായി കൊല്ലംങ്കോട്, കരുംകുളം, കൊച്ചുതുറ, പുതിയതുറ, പുല്ലുവിള, അടിമലത്തുറ എന്നീ ഇടവകകളിൽ നിന്നും ഒന്നെന്ന ക്രമത്തിൽ 6 ഗുണഭോക്താക്കളുടെ വെരിഫിക്കേഷൻ ക്ലീയർ ചെയ്തു.
* എസ്.എച്ച്.ജി. ഫെറോന ഫെഡറേഷൻ യോഗം ജനുവരി 15ന് പൂവ്വാർ ഇടവകയിൽ വച്ച് നടന്നു. 23 അംഗങ്ങൾ പങ്കെടുത്തു.
* കെ.എൽ.എം. ഫെറോനയോഗം ജനുവരി 11ന് കൊച്ചുപള്ളി ഓഫീസിൽ വച്ച് നടന്നു. 13 അംഗങ്ങൾ പങ്കെടുത്തു.
* ഒരു ഇടവകയിൽ ഒരു ആട്ടിൻകുട്ടി എന്ന ക്രമത്തിൽ നാല് മിഷൻ പാരിഷിൽ നിന്നും 2 തീരപ്രദേശത്ത് നിന്നുമായി (ചൊവ്വര, കരിച്ചൽ, ലൂർദ്ദുപുരം, നമ്പ്യാതി, കൊല്ലംങ്കോട്, പരുത്തിക്കുഴി 6 ഗുണഭോക്താക്കളുടെ അതാത് ഇടവകയുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്തു.
* കൊല്ലംങ്കോട് ജനുവരി 10ന് ജനറൽ മെഡിക്കൽ ക്യാമ്പും ജീവിതശൈലി രോഗ നിർണ്ണയ ക്യാമ്പും സംഘടിപ്പിച്ചു.

* ജനുവരി 22ന് ഫെറോനയിലെ 5 നേഴ്സറി സെന്ററും വിസിറ്റ് ചെയ്തു. കൊല്ലംങ്കോട് നേഴ്സറിക്ക് അറ്റകുറ്റപണികൾക്കായി രൂപ തയുടെ സഹായത്തോടെ 60000 രൂപ അനുവദിച്ചു. 35000 രൂപ ആദ്യ ഗഡു ചെക്ക് നൽകി.
* 25, 26 എന്നീ തീയതികളിൽ പൂവ്വാർ, കൊച്ചുതുറ എന്നീ ഇടവക കളിൽ പ്രവാസി ക്ഷേമ പദ്ധതികളെകുറിച്ച് ക്ലാസ് നൽകി. അതിഥി തൊഴിലാളികളായ ഒരംഗത്തിന് അപകടം സംഭവിച്ചതിനാൽ ആവാസ് ഇൻഷുറൻസ് പദ്ധതിയിൽ നിന്നും ചികിത്സയ്ക്കായി 25000 രൂപ ലഭ്യമാക്കി. ഒരു അതിഥി തൊഴിലാളിയുടെ കുടുംബ പ്രശ്ന ങ്ങളിൽ പോലീസ് സ്റ്റേഷന്റെ സഹായത്തോടെ പരിഹരിക്കുകയും രമ്യതപ്പെട്ട് കുടുംബ ജീവിതത്തിലേക്ക് ഒരുമിപ്പിക്കാനും സാധിച്ചു.
*കൊല്ലംങ്കോട് ഹൈസ്കൂളിലെ കുട്ടികൾക്ക് ജനുവരി 21ന് ലഹരി യുടെ ദൂഷ്യവശങ്ങളെക്കുറിച്ചും 22-ാം തീയതി പി.റ്റി.എയ്ക്കും ക്ലാസ് നൽകി.

## പേട്ട ഫൊറോന

സാമൂഹ്യശുശ്രൂഷ ഫെറോന സമിതിയോഗം ജനുവരി 12ന് നടന്നു. 8 അംഗങ്ങൾ പങ്കെടുത്തു. ജനുവരി 15ന് എസ്.എച്ച്.ജി. ഫെറോന ഫെഡറേഷൻ യോഗം നടന്നു. 18 അംഗങ്ങൾ പങ്കെ ടുത്തു.

ഭവനം ഒരു സമ്മാനം 4-ാം ഘട്ടപദ്ധതിയിൽ ഫെറോനയിലെ കുമാ രപുരം, പുഷ്പഗിരി, ചെറുവിക്കൽ എന്നീ ഇടവകയിലെ 3 ഗുണ ഭോക്താക്കളുടെ ഭവനം സന്ദർശിച്ച് ഭവനനിർമ്മാണത്തിന്റെ അർഹത രൂപതാ ഹൗസിംഗ് കോ-ഓർഡിനേറ്ററിന്റെ സാന്നിധ്യ ത്തിൽ ഉറപ്പുവരുത്തി.

കാരുണ്യപൂർവ്വം കുടുംബോദ്ധാരണ പദ്ധതിയിലെ 23 കുടുംബ ങ്ങൾക്ക് 900 രൂപ വീതം ബാങ്കിൽ നിക്ഷേപിച്ച ഭവന സന്ദർശന ത്തിലൂടെ കുടുംബ പുരോഗതി ഉറപ്പു വരുത്തി.

കെ.എൽ.എം. ഫെറോനയോഗം നടന്നു. 11 അംഗങ്ങൾ പങ്കെടു ത്തു. രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വെയ്സ്റ്റ് മാനേ ജ്മെന്റ് ക്ലാസിൽ ഫെറോനയിൽ നിന്നും 18 അംഗങ്ങൾ പങ്കെടു ത്തു. 6 അംഗങ്ങൾ ബയോപിറ്റ് പ്ലാന്റ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

മുട്ടട സീനിയർ ഹയർ സെക്കന്ററി സെന്റ് ജോസഫ് സ്കൂളിലെ 7, 8, 9 ക്ലാസിലെ 118 കുട്ടികൾക്ക് ഡോ. ശോഭ ജങ്ക്ഫുഡ്,

ലഹരി എന്നിവയുടെ ഭൂഷ്യവശങ്ങൾ ജീവിതശൈലിരോഗങ്ങളും ആരോഗ്യ സംരക്ഷണവും എന്ന വിഷയത്തിൽ ക്ലാസ് നടന്നു. ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നു. പ്രവാസി ഡാറ്റാ കള ക്ഷൻ വികാസ് നഗർ ഇടവകയിൽ 2 പേരുടെ വിവരശേഖരണം നടന്നു.

ചെറുവക്കൽ ഇടവകയിലെ 12 വിധവകൾക്ക് നിത്യോപയോഗസാ ധനങ്ങളുടെ കിറ്റ് വിതരണം ചെയ്തു.

പേട്ട ഇടവകയിലെ നിർധനരായ 21 കിടപ്പുരോഗികൾക്ക് സാമൂ ഹ്യശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവനങ്ങൾ സന്ദർശിച്ച് ബഡ്ഷീറ്റ്, ലുങ്കി, സാരി, പോഷകാഹാരം തുടങ്ങിയ നിത്യോപ യോഗസാധനങ്ങൾ വിതരണം ചെയ്തു.

## പുതുക്കുറിച്ചി ഫൊറോന

ഫെറോനവർക്കേഴ്സ് മീറ്റിംഗ് ജനുവരി 7ന് സെന്റ് ആൻഡ്രൂസ് മഹിളാ സമ്മേളനത്തിൽ വച്ച് നടന്നു. 6 പേർ പങ്കെ ടുത്തു.

**അടിസ്ഥാന സൗകര്യവികസനം:** ഭവനം ഒരു സമ്മാന പദ്ധതി യിൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ ഭവനം കോഓർഡിനേറ്റ റുമായി സന്ദർശിച്ച് വെരിഫിക്കേഷൻ നടത്തി.

സ്വയം സഹായസംഘങ്ങളും സാമ്പത്തിക ഉന്നമനവും ജനുവരി 26ന് ഫെറോന സമിതിയോഗം തുമ്പ ഇടവകയിൽ വച്ച് കൂടുകയു ണ്ടായി.

**ഇടവകതലയോഗങ്ങൾ**

**തൊഴിൽ കാര്യ കമ്മീഷൻ**

ജനുവരി 26ന് തുമ്പ ഇടവകയിൽ വച്ച് നടന്നു.

**ആരോഗ്യകാര്യ കമ്മീഷൻ**

ജനുവരി 26ന് ഐ ക്യാമ്പ് പള്ളിത്തുറയിൽ നടത്തി. ജനു വരി 22ന് ഫാത്തിമപുരത്ത് ക്യാൻസർ പേഷ്യന്റ് ഹൗസ് വിസിറ്റ് ചെയ്തു.

**ബോധവത്കരണ ക്ലാസ്:** ജനുവരി 29ന് എസ്.റ്റി.ഐ., യു.റ്റി.ഐ., ആർ.റ്റി.ഐ. യെക്കുറിച്ച് പള്ളിത്തുറ ഇടവകയിൽ വച്ച് നടത്തി.

**സ്ത്രീകളും കുട്ടികളും നഴ്സറി:** ജനുവരി 24ന് പുതുക്കുറിച്ചി നഴ്സറി വിസിറ്റ് ചെയ്തു.

ചൈൽഡ് പാർലമെന്റ് ജനുവരി 26ന് കൊച്ചുതുറ തുമ്പ എന്നീ ഇടവകകളിൽ ചൈൽഡ് പാർലമെന്റ് യോഗം കൂടി.

**പ്രവാസി കാര്യ കമ്മീഷൻ:** ശാന്തിപുരം, മര്യനാട് എന്നീ ഇടവക കളിലെ 5 പ്രവാസികളുടെ ഭവന സന്ദർശനം നടത്തി.

**മദ്യവിരുദ്ധ കമ്മീഷൻ:** ജനുവരി 29ന് സെന്റ് വിൻസെന്റ് സ്കൂളിൽ മര്യനാട് വിദ്യാസദൻ സ്കൂൾ എന്നിവിടങ്ങളിൽ മദ്യത്തിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് സിസ്റ്റർ ജിൻസ ക്ലാസ് നൽകി.

**പരിസ്ഥിതി:** രൂപതയിൽ നിന്നും ലഭിച്ച പരിസ്ഥിതി സ്റ്റിക്കറുകൾ ജനുവരി 31ന് പുത്തൻതോപ്പ് ഇടവകയിലെ 25 ഭവനങ്ങളിൽ പതി പ്പിക്കുകയും പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പറയുകയും ചെയ്തു

## കഴക്കൂട്ടം ഫൊറോന

യോഗങ്ങളിൽ ഭവന പദ്ധതി അപേക്ഷ സ്വീകരിക്കുന്നതി നുള്ള അറിയിപ്പുകളും, ഓരോ ഇടവകയിൽ നിന്ന് 3 പേരെ വീതം ഹെൽത്ത് വോളണ്ടിയർമാരെ തിരഞ്ഞെടുത്ത് രൂപതാ ഫോർമാറ്റ് തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചു. അതിനായി ഫോർമാറ്റ് നൽകു കയും ചെയ്തു.

**അടിസ്ഥാന സൗകര്യവികസനം**

കൊയ്ത്തൂർകോണം ഇടവക ദേവാലയത്തിൽ പൊതു വായി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ഓഫീസിൽ അപേക്ഷ നൽകി യതിന്റെ വെളിച്ചത്തിൽ 25000 രൂപ അനുവദിച്ച് പണിപൂർത്തിയാക്കി ബില്ലുകൾ ഓഫീസിൽ നൽകുകയുണ്ടായി. രണ്ടാം ഗഡു തുക 25000 രൂപ ജനുവരി 23ന് ലഭിച്ചത് ഇടവകയിൽ നൽകി.

ഞാണ്ടൂർകോണം ഇടവകയിൽ ഒരു വ്യക്തിക്ക് ഭവന നിർമ്മാണത്തിന് 2-ാം ഘട്ടം തുക 75000 രൂപ ഡിസംബർ 21ന് 3-ാം ഘട്ടം പണി ആരംഭിക്കുന്നതിന് 50000 രൂപയുടെ ചെക്ക് ജനു വരി 23ന് നൽകുകയുണ്ടായി.

ഭവനം സമ്മാനം 4-ാം പദ്ധതി അറിയിപ്പ് നൽകിയതിൽ പ്രകാരം 5 ഇടവകകളിൽ നിന്നും 11 അപേക്ഷകൾ ലഭിക്കുകയു ണ്ടായി. ഇടവക സിസ്റ്റർ, കൺവീനർ ആനിമേറ്റർ എന്നിവർ ചേർന്ന് വെരിഫിക്കേഷൻ നടത്തുകയും 5 അപേക്ഷകൾ സെലക്ട് ചെയ്ത് ഫൊറോനാ വികാരി ഫൊറോനാ കോർഡിനേറ്റർ, ഇടവക സെക്ര ട്ടറി എന്നിവരുടെ ഒപ്പോടുകൂടി ഓഫീസിൽ നൽകി.

ജനുവരി 14ന് പ്രസ്തുത ഭവനങ്ങൾ ഹൗസിങ് നോടൽ ഓഫീസർ ശ്രീ. ജറാൾഡ്, നിഷ ആനിമേറ്റർ എന്നിവർ ചേർന്ന് സന്ദർശിക്കുകയും മാനദണ്ഡം അനുസരിച്ചുള്ള വിവരങ്ങൾ ശേഖ രിക്കുകയും ചെയ്തു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

**ഫെറോനാതലയോഗം:** ജനുവരി 22ന് കാര്യവട്ടം ഇടവകയിൽ വച്ച് ആനിമേറ്ററുടെ സാന്നിധ്യത്തിൽ നടന്നു. 2020-21 കാലയളവിലേക്കുള്ള പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുകയും, പ്ലാൻ അനുസരിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. പ്ലാനിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ ഫെറോനാസമിതിയുമായി ചർച്ച ചെയ്തു തയ്യാറാക്കുവാൻ തീരുമാനിച്ചു.

ഇടവകഫെഡറേഷൻ ജനുവരി 5ന് കൊയ്ത്തൂർക്കോണം ഇടവക ഫെഡറേഷൻ നടന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി.

**കുടുംബക്ഷേമ പ്രവർത്തനങ്ങൾ:** കാരുണ്യപൂർവ്വം നിലവിൽ 10 കുടുംബങ്ങൾക്ക് 900 രൂപ വീതം ധനസഹായം ലഭിച്ചു വരുന്നു.

**തൊഴിൽകാര്യ കമ്മീഷൻ പ്രവർത്തനങ്ങൾ:** കെ.എൽ.എം. ഫെറോനാതല യോഗം ജനുവരി 22ന് കാര്യവട്ടം ഇടവകയിൽ വച്ച് ആനിമേറ്ററുടെ സാന്നിധ്യത്തിൽ നടന്നു. ഇടവകതലയോഗം 6 ൽ 4 നടന്നു.

**ബോധവൽക്കരണക്ലാസ്:** ഡിസംബർ 30ന് കാര്യവട്ടം ഇടവകയിൽ വച്ച് ശുചിത്വ മിഷൻ റിസ്സോഴ്സ് പേഴ്സൺ ശ്രീമതി ഗീതയുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണത്തെക്കുറിച്ച് ക്ലാസ് സംഘടിപ്പിച്ചു. 20 അംഗങ്ങൾ പങ്കെടുത്തു.

**ആരോഗ്യകാര്യ കമ്മീഷൻ:** ഹെൽത്ത് വോളണ്ടിയർമാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഓഫീസിൽ നിന്നും ലഭിച്ച ഫോർമാറ്റ് ഇടവകകളിൽ നൽകി.

പ്രവാസി നോർക്ക പ്രവാസി ക്ഷേമ പദ്ധതിയിൽ 4 അംഗങ്ങൾക്ക് അംഗത്വം നൽകി.

**പരിസ്ഥിതി പ്രവർത്തനങ്ങൾ:** സ്ത്രീശാക്തീകരണ പ്രോജക്ടിന്റെ ഭാഗമായി 13, 14 തീയതികളിൽ അടുക്കളത്തോട്ട പരിശീലനം കഴക്കൂട്ടം ഫെറോനാസെന്ററിൽ വെച്ച് സംഘടിപ്പിച്ചു. 25, 28 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**റവ.ഫാ. സാബാസ് ഇഗ്നേഷ്യസ്**
അതിരൂപതാ ഡയറക്ടർ

# മത്സ്യമേഖല ശുശ്രൂഷ

**രൂപതാതല ഭരണസമിതി യോഗം**

24-ാം തീയതി വെള്ളയമ്പലം സെന്റ് സേവ്യേഴ്സ് ഹാളിൽ ഫിഷറീസ് മിനിസ്ട്രി, റ്റി.എം.എഫ്, മത്സ്യവിപണനസ്ത്രീഫോറം എന്നിവയുടെ രൂപതാ തല ഭരണ സമിതിയോഗം ഡയറക്ടർ ഷാജിൻ ജോസ് അച്ചന്റെ നേതൃത്വത്തിൽ കൂടി. അടുത്ത വർഷത്തെ ഭാവി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും നടന്ന പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തി.

അതാതു ഫെറോനയിലെ ഇടവക നടത്തിയ മൽസ്യത്തൊഴിലാളി വിവരശേഖരണം സി.എഫ്.എസ് ഓഫീസിൽ സോഫ്റ്റ്വെയറിൽ നടന്നു വരുന്നു. തിരുനന്തപുരം മൽസ്യത്തൊഴിലാളിഫോറം (റ്റി.എം.എഫ്) ട്രേഡ് യൂണിയൻ ആക്കി രജിസ്റ്റർ ചെയ്തു.

## വലിയതുറ ഫൊറോന

18-01-2020-ൽ മൽസ്യമേഖല ശുശ്രൂഷയുടെ ഫെറോന യോഗം കൂടി. റ്റി.എം.എഫ്ഇടവകതലരൂപീകരണം, ജിയോട്യൂബ് പദ്ധതി രൂപീകരണം എന്നിവ ചർച്ച് ചെയ്ത് തൂരുമാനമെടുത്തു. 13 അംഗങ്ങൽ പങ്കെടുത്തു.

**ഇടവകതലയോഗങ്ങൾ**

ചെറിയതുറ, തോപ്പ, കണ്ണാന്തുറ എന്നീ 3/8 ഇടവകതല യോഗങ്ങൾ കൺവീനർമാരുടെയും ഇടവക വികാരിമാരുടെയും നേതൃത്വത്തിൽകൂടി 12,19, എന്നീ തീയതികളിൽ കൂടിയ യോഗത്തിൽ 20,6,19 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**മത്സ്യവിപണനസ്ത്രീഫോറം**

12-ാം തീയതി ഫെറോന യോഗം തോപ്പ് ഫെറോന സെന്ററിൽ കൂടി. 16 അംഗങ്ങൾ പങ്കെടുത്തു. കൊച്ചുവേളി ഇടവകയ്ക്ക് ലോൺ കൊടുക്കാൻ തീരുമാനിച്ചു.

**ഇടവക തലയോഗങ്ങൾ**

5, 12, 19, 26, 28 എന്നീ തീയതികളിൽ വലിയതുറ, ചെറിയതുറ, തോപ്പ്, വലിയവേളി, വെട്ടുകാട്, കണ്ണാന്തുറ, കൊച്ചുവേളി, കൊച്ചുതോപ്പ്, എന്നീ 8/8 ഇടവകതല യോഗങ്ങൾ പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽകൂടി 19,9,16,28,13,11,27,11 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു..

**ആഡിറ്റിംഗ്-** 8,9 എന്നീ തീയതികളിൽ ആഡിറ്റർ സൈബിൻ

സാറിന്റെ നേതൃത്വത്തിൽ കഴിഞ്ഞ മാസത്തെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചു.

**റ്റി. എം. എഫ്** - റ്റി.എം. എഫിന്റെ നേതൃത്വത്തിൽ പുരുഷസ്വയം സഹായസംഘങ്ങൾ കൂടിവരുന്നു.

## പുല്ലുവിള ഫൊറോന

**മത്സ്യമേഖലശുശ്രൂഷ ഫൊറോനയോഗം:** 11-ാം തീയതി 3.00 മണിക്ക് പുതിയതുറ ചാപ്പലിൽ വച്ച് ഫൊറോന കോർഡിനേറ്റർ ഫാ. പ്രബലിന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെ യോഗം നടന്നു. 9/9 ഇടവകയിൽ നിന്നും 21 അംഗങ്ങളും ആനിമേറ്ററും ഉൾപ്പെടെ 23 പേർ പങ്കെടുത്തു. കടലിലെ സമകാലികപ്രശ്നങ്ങൾ ലൈറ്റ്വച്ച് മീൻപിടിക്കലിൽ സർക്കാരിന്റെ ഇടപെടൽ എന്നിവ ചർച്ച ചെയ്തു.

**ഇടവകതല യോഗങ്ങൾ:** 3,4,12,19 എന്നീ തീയതികളിൽ പുല്ലുവിള, പള്ളം, പരുത്തിയൂർ, കൊല്ലംങ്കോട്, പൂവാർ ഇടവകകളിൽ നടന്നു. കൺവീനർമാരും ഇടവക വികാരിമാരും നേതൃത്വം നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു ജനറൽ ബോഡി കൂടുന്നതിനും ചർച്ചകൾ ചെയ്തു.

**ജനറൽ ബോഡിയോഗം:** 4,10,25 എന്നീ തീയതികളിൽ പുല്ലുവിള, പൂവാർ, പുതിയതുറ എന്നീ ഇടവകകളിൽ രൂപതാ കോ -ഓർഡിനേറ്റർ ശ്രീമാൻ തദയൂസ് മൽസ്യതൊഴിലാളികളുടെയും കുടുംബത്തിന്റെയും സർക്കാർ തല ആനുകൂല്യങ്ങളെയും അവരുടെ അവകാശങ്ങളും കുറിച്ചു വിശദമായി ക്ലാസ് നൽകി യഥാക്രമം 32, 88, 36 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**പി.എസ്.എച്ച്.ജി.:** എല്ലാ ഇടവകകളിലും മാസത്തിലൊരിക്കൽ പി.എസ്.എച്ച്.ജി. കൂടി വേണ്ട കാര്യങ്ങൾ ചെയ്യുന്നു.

**റ്റി.എം.എഫ്:** പുല്ലുവിള ഇടവകയിൽ ഭരണസമിതികൂടി. ജനറൽ ബോഡി വിളിച്ച് പുതിയ ഭരണസമിതി എടുക്കാൻ തീരുമാനിച്ചു.

**മത്സ്യവിപണന സ്ത്രീഫോറം ഫൊറോനയോഗം:** 12-ാം തീയതി 2 മണിക്ക് കൊച്ചുപള്ളി ഫൊറോന ഓഫീസിൽ ഫൊറോന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ആനിമേറ്ററിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. 7 ൽ 6 ഇടവകയിൽ നിന്നും 12 അംഗങ്ങൾ പങ്കെടുത്തു. റിപ്പോർട്ടും കണക്കവതരണവും വിലയിരുത്തലും അടുത്തമാസ പ്ലാനിംഗ് ചർച്ചകളും നടത്തി ഉണർവ്വ് അവ

തരിപ്പിച്ചു.
ഇടവകതലയോഗങ്ങൾ 8, 12, 19, 26 എന്നീ തീയതികളിൽ 7 ൽ 7 ഇടവകയിലും യൂണിറ്റ് യോഗങ്ങൾ നടന്നു. ഉണർവ്വ് പഠനപത്രിക യുടെ അടിസ്ഥാനത്തിൽ ക്ലാസ് നൽകി.
പ്രോജക്ടിന്റെ ഭാഗമായി കരുംകുളം, കൊച്ചുതുറ എന്നീ ഇടവക യിൽ 19, 12 തീയതികളിൽ ശ്രീമതി ശ്രീകല ഫോറങ്ങൾക്ക് ക്ലാസ് നൽകി. 32, 38 എന്നീ ക്രമങ്ങൾ പങ്കാളിത്തം ഉണ്ടായിരുന്നു. ഇതിന് പുതിയ അംഗങ്ങളും പങ്കെടുത്തു.
**ഓഡിറ്റിംഗ്:** 15, 21 എന്നീ തീയതികളിൽ രൂപതാ ഓഡിറ്റർ ശ്രീ. സൈബിന്റെ നേതൃത്വത്തിൽ ഡിസംബർ മാസത്തെ ഓഡിറ്റിംഗ് നടന്നു.
**സംഘവായ്പ:** 3 അംഗങ്ങൾക്ക് 30000, 3000, 20000 എന്നീ ക്രമ ത്തിൽ 80000 രൂപ സംഘ വായ്പ നൽകി.

## അഞ്ചുതെങ്ങ് ഫൊറോന

ഫെറോനയോഗം നടന്നില്ല. യൂണിറ്റുയോഗങ്ങൾ 6 ൽ 2 നടന്നു. റ്റി.എം.എഫ്. യോഗം നടന്നില്ല.
**മത്സ്യക്കച്ചവടം സ്ത്രീഫോറം:** ജനുവരി 21ന് ഫെറോനായോഗം നടന്നു. ഇടവക പ്രവർത്തനങ്ങൾ വിലയിരുത്തി. ലോൺ കുടിശി കക്കാരുടെ ഭവനസന്ദർശനം ഭാരവാഹികളുമായി വിസിറ്റു ചെയ്തു.
**യൂണിറ്റുയോഗങ്ങൾ:** 15 ൽ 12 യൂണിറ്റുയോഗങ്ങൾ നടന്നു. യോഗ ങ്ങളിൽ ലോൺ, ഷെയർ കളക്ഷൻ നടന്നു. ഉണർവ് പഠന പത്രി കാവബോധം (പ്രമേഹം) നൽകി.
**ചന്തവിസിറ്റ്:** ചിറയിൻകീഴ് പണ്ടകശാല ചന്ത വിസിറ്റ് ചെയ്തു.
**ആഡിറ്റിംഗ്:** ജനുവരി 29ന് നടത്തും.
**വായ്പാവിതരണം:** മണ്ണാങ്കുളം, അഞ്ചുതെങ്ങ്, ചമ്പാവ് ഇടവകക ളിലായി 5500 രൂപാ ലോൺ വിതരണം നൽകി.

## കോവളം ഫൊറോന

**യൂണിറ്റ് യോഗം:** ജനുവരി 12ന് വിഴിഞ്ഞം ഇടവകയിൽ റവ.ഫാ. ജസ്റ്റിൻ ജൂഡിന്റെ അധ്യക്ഷതയിലും ജനുവരി 27ന് പൂന്തുറ ആന്റോ ബൈജു അച്ചന്റെ അധ്യക്ഷതയിലും മീറ്റിംഗ് കൂടി.

**ദിവ്യബലി ക്രമീകരണ നേതൃത്വം:** വിഴിഞ്ഞം ഇടവകയിൽ 14-ാം തീയതി ചൊവ്വാഴ്ച മത്സ്യക്കച്ചവട സ്ത്രീകളും ഫിഷറീസ് മിനിസ്ട്രിയിലും, റ്റി.എം.എഫ്. ഉം സംയുക്തമായി ദിവ്യബലിയ്ക്കുള്ള ക്രമീകരണ നേതൃത്വം നൽകി.

**മത്സ്യക്കച്ചവട സ്ത്രീകളുടെ ഫെറോനമീറ്റിംഗ്:** ജനുവരി 26ന് ഫെറോനാ പ്രസിഡന്റ് ശ്രീമതി ജെസിയുടെ അധ്യക്ഷതയിൽ ആഴാകുളം ഫെറോന സെന്ററിൽ വച്ച് മീറ്റിംഗ് കൂടി.

**യൂണിറ്റ് യോഗങ്ങൾ:** 12, 13, 19, 26 എന്നീ തീയതികളിൽ വിഴിഞ്ഞം, പുന്നമൂട്, പൂന്തുറ എന്നീ ഇടവകകളിൽ യൂണിറ്റ് പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ മീറ്റിംഗ് കൂടി.

**ലോൺ വിതരണം:** വിഴിഞ്ഞം, പൂന്തുറ, പുന്നമൂട് എന്നീ ഇടവകകളിലെ 3 അംഗങ്ങൾക്ക് 40000 രൂപ ലോൺ നൽകി.

**ഓഡിറ്റിംഗ്:** ജനുവരി 23ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ ഓഡിറ്റർ സൈബിൻ സിറിന്റെ നേതൃത്വത്തിൽ ഓഡിറ്റിംഗ് നടത്തി.

**രക്ഷാപ്രവർത്തകരെ ആദരിക്കൽ:** വിദേശ കപ്പലിടിച്ച് പൂന്തുറ ഇടവകയിലെ അപകടത്തിൽപ്പെട്ട വള്ളക്കാരെ രക്ഷപ്പെടുത്തിയ ജോൺസന്റെ വള്ളക്കാരെയും പണിക്കുപോയ അംഗങ്ങളെയും ഫെറോനാ വികാരിയുടെയും, ഫിഷറീസ് മിനിസ്ട്രി യൂണിറ്റ് ഡയറക്ടറിന്റെയും നേതൃത്വത്തിൽ ആദരിച്ചു.

## പുതുക്കുറിച്ചി ഫൊറോന

**ജനറൽ ബോഡിമീറ്റിംഗ്:** ജനുവരി 5ന് പള്ളിത്തുറ ഇടവകയിൽ വച്ച് ഉച്ചയ്ക്ക് 2 മണിക്ക് ഫിഷറീസ് മിനിസ്ട്രിയും മത്സ്യക്കച്ചവട സ്ത്രീഫോറവും സംയുക്തമായ് ഫെറോനാതല ജനറൽ ബോഡി മീറ്റിംഗ് നടന്നു. തിരുക്കുടുംബത്തെക്കുറിച്ച് സിസ്റ്റർ ഷിജി ക്ലാസെടുത്തു.

**ഇടവകതലയോഗം:** 5, 7, 12, 26 എന്നീ തീയതികളിൽ വെട്ടുതുറ, കൊച്ചുതുറ, പള്ളിത്തുറ, സെന്റ് ആൻഡ്രൂസ്, മര്യനാട് എന്നീ ഇടവകകളിൽ 10ൽ 5 ഇടവകതല യോഗം നടന്നു.

**മത്സ്യക്കച്ചവട സ്ത്രീഫോറം**

**യൂണിറ്റ് മീറ്റിംഗ്:** 12, 15, 19 എന്നീ തീയതികളിൽ തുമ്പ, സെന്റ് ആൻഡ്രൂസ്, ഫാത്തിമാപുരം, പുത്തൻതോപ്പ്, പള്ളിത്തുറ, മര്യനാട്, ശാന്തിപുരം, പുതുക്കുറിച്ചി എന്നീ ഇടവകകളിൽ 8 ൽ 8 യൂണിറ്റ് മീറ്റിംഗ് നടന്നു.

**മാർക്കറ്റ് വിസിറ്റ്:** 9-ാം തീയതി ചിറ്റാറ്റുമുക്ക്, കഴക്കൂട്ടം എന്നീ മാർക്കറ്റുകൾ വിസിറ്റ് ചെയ്ത് അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ മാർക്കറ്റിന്റെ അവസ്ഥകൾ മനസിലാക്കി.

**പോസ്റ്റർ പ്രദർശനം:** നവംബർ 25ന് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളുടെ ഭാഗമായ് 9-ാം തീയതി ചിറ്റാറ്റുമുക്ക്, കഴക്കൂട്ടം എന്നീ മാർക്കറ്റുകളിൽ പോസ്റ്റർ പ്രദർശനം നടത്തി.

**ആഡിറ്റിംഗ്:** ജനുവരി 28ന് വെള്ളയമ്പലം ഓഫീസിൽ ആഡിറ്റിംഗ് നടന്നു.

**വായ്പാവിതരണം:** 4 അംഗങ്ങൾക്ക് 50000 രൂപ തൊഴിൽ വായ്പ നൽകി.

## തൂത്തൂർ ഫൊറോന

**ഫെറോനായോഗം:** 12-ാം തീയതി തൂത്തൂർ ഇടവകയിൽ വച്ച് ഫെറോനാ സെക്രട്ടറിയുടെ നേതൃത്വത്തിൽ മീറ്റിംഗ് നടന്നു. മത്സ്യമേഖല ശുശ്രൂഷാ ശാക്തീകരണം, മത്സ്യത്തൊഴിലാളികളുടെ സ്ഥിതി വിവരകണക്ക്, എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

**യൂണിറ്റ് യോഗങ്ങൾ:** 8 ൽ 4 നടന്നു.

**മത്സ്യക്കച്ചവട സ്ത്രീഫോറം:** ജനറൽ ബോഡിയോഗം 5-ാം തീയതി പുതുവത്സരത്തോടനുബന്ധിച്ച് ജനറൽ ബോഡിയോഗം കൂടി. ചന്തയിലെ ശുചിത്വം, പെരുമാറ്റം എന്നിവയെക്കുറിച്ച് ക്ലാസ് നൽകി.

**ഇടവകതലയോഗം:** 8 ൽ 7 നടന്നു. ചന്തസന്ദർശനം, ഓഡിറ്റിംഗ്, ഭവന സന്ദർശനം എന്നിവ നടന്നു.

**റവ. ഫാ. ഷാജിൻ ജോസ്**
അതിരൂപത ഡയറക്ടർ

# അല്മായശുശ്രൂഷ

## കോവളം ഫൊറോന

**1. ഫൊറോന സംയുക്ത സഭാ മീറ്റിംഗ് :-**

03.01.2020 സംയുക്ത സഭായോഗം ആഴാകുളം ഫൊറോന സെന്ററിൽ വച്ച് റോജനച്ചന്റെ അധ്യക്ഷതയിൽ ഫൊറോന സംയുക്ത സഭാ യോഗം കുടുകയുണ്ടായി.

**2. ബോധവത്ക്കരണ ക്ലാസ് :-**

25.01.2020 ൽ പൂന്തുറ അല്മായ ശുശ്രൂഷയുടെ നേതൃത്വത്തിൽ ഫയർ & സേഫ്റ്റിയെക്കുറിച്ച് ക്ലാസ് നൽകി.

**3. യൂണിറ്റ് മീറ്റിംഗ് :-**

12.01.2020 ൽ വിഴിഞ്ഞം ഇടവകയിൽ റോജനച്ചന്റെ അദ്ധ്യക്ഷതയിലും 16.01.2020 ൽ പൂന്തുറ ഇടവകയിൽ രതീഷച്ചന്റെ അധ്യക്ഷതയിലും യൂണിറ്റ് യോഗം കൂടി.

**4. ജനറൽ ബോഡി മീറ്റിംഗ് :-**

27.01.2020 ൽ വിഴിഞ്ഞം ഇടവകയിൽ വച്ച് ജനറൽ ബോഡി യോഗം കൂടി.

**5. വി. കൊച്ചുത്രേസ്യ സഭാ യോഗം**

12,19,26 എന്നീ തിയതികളിൽ വിഴിഞ്ഞം ഇടവകയിലെ 12 വയസിന് താഴെയുള്ള വി.കൊച്ചുത്രേസ്യ സഭയിലെ അംഗങ്ങളായ കുട്ടികൾക്ക് മീറ്റിംഗ്, ബൈബിൾ ക്ലാസ് എന്നിവ നടത്തി.

**6. കെ.എൽ.സി.എ ജനറൽ ബോഡി യോഗം :-**

26.01.2020 ൽ കെ.എൽ.സി.എ പ്രസിഡന്റിന്റെ അധ്യക്ഷത യിൽ ആഴാകുളം ഫൊറോന സെന്ററിൽ വച്ച് കെ.എൽ.സി.എ മീറ്റിംഗ് കൂടി.

## പുല്ലുവിള ഫൊറോന

***ഫെറോന യോഗം :-*** 26-ാം തിയതി പുതിയതുറ സ്ക്കൂൾ ഹാളിൽ വച്ച് ഫൊറോന യോഗം സമിതി അംഗങ്ങളുടെയും ഭക്തസംഘ ടന ഭാരവാഹികളുടെയും സഹകരണത്തിൽ ഫൊറോന കോഓർഡിനേറ്ററിന്റെ നേതൃത്വത്തിൽ നടന്നു.

ഇടവക പ്രവർത്തനങ്ങൾ :- ഫൊറോനയിൽ കഴിഞ്ഞമാസം തീരു മാനിച്ചതിനനുസരിച്ച് ആദ്യ ശനിയാഴ്ച മൂന്ന് മണിയ്ക്ക് ചൊവ്വര, ആദ്യ ഞായർ 3 മണിയ്ക്ക് നമ്പ്യാതിയിലും 2-ാം ശനിയാഴ്ച 3.30 കൊല്ലംങ്കോടും, 2-ാം ഞായർ 3 മണിയ്ക്ക് കൊച്ചുതുറയിലും 3-ാം ശനിയാഴ്ച 3 മണിയ്ക്ക് പുതിയതുറയിലും, 4-ാം ഞായർ 4 മണിയ്ക്ക് പരുത്തിയൂരിലും സമിതി അംഗങ്ങളുടെ സംയുക്ത

യോഗം നടന്നു. സഹകരിക്കാത്ത സമിതി അംഗങ്ങളെ മാറ്റി പ്രവർത്തിക്കാൻ കഴിവുള്ള അംഗങ്ങളെ തെരെഞ്ഞെടുക്കുവാൻ തീരുമാനിച്ചു.

പുല്ലുവിള ഇടവകയിൽ പുതിയ കൺവീനറെ തെരെഞ്ഞെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു. പരുത്തിയൂർ ഇടവകയിൽ 5-ാം തിയതി കൂടി തീരുമാനിച്ചതനിനനുസരിച്ച് വാർഡ് തലത്തിൽ മീറ്റിംഗ് കൂടി പുതിയ വാർഡ് ലീഡർ തെരെഞ്ഞെടുത്തു.

## പുതുക്കുറിച്ചി ഫൊറോന

**ഇടവകതല യോഗം :-** 4 ഇടവകതല യോഗം പള്ളിത്തുറ, സെന്റ് ആൻഡ്രൂസ്, പുത്തൻതോപ്പ്, ശാന്തീപുരം എന്നീ ഇടവകകളിൽ നടന്നു.

**കെ.എൽ.സി.എ മീറ്റിംഗ് :-** പള്ളിത്തുറ ഇടവകയിൽ 12-ാം തിയതി കെ.എൽ.സി.എ ജനറൽ ബോഡി മീറ്റിംഗ് നടന്നു.

**ഭക്തസംഘടനാ പ്രവർത്തനം :-** പുത്തൻതോപ്പ് ഇടവകയിലെ ഭക്തസംഘടനാ പ്രവർത്തകർ പുന്നപ്ര ശാന്തി ഭവൻ ചാരിറ്റബിൾ സൊസൈറ്റി സന്ദർശിച്ച് ഭക്ഷണ സാധനങ്ങൾ നൽകി

## വലിയതുറ ഫൊറോന

**ഫെറോന യോഗം :** 19.01.2020 ൽ തോപ്പ് ഫൊറോന സെന്ററിൽ വച്ച് ഫെറോന കോഡിനേറ്റർ ഫാ. പോൾ സാവ്യോയുടെ നേതൃത്വത്തിൽ യോഗം കൂടി. യോഗത്തിൽ 13 അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതല യോഗങ്ങൾ :** 5,11,19 എന്നീ തിയതികളിൽ ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ്, തോപ്പ്, വലിയവേളി എന്നീ ഇടവകകളിൽ യോഗം നടന്നു.

**കെ.എൽ.സി.എ യോഗം:** 5,19 എന്നീ തിയതികളിൽ ചെറിയതുറ, കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ ഇടവകവികാരിമാരുടെ അധ്യക്ഷതയിൽ കെ.എൽ.സി.എ രൂപീകരിക്കുകയും ഭാരവാഹികളെ തെരെഞ്ഞെടുത്തു.

**ഭക്തസംഘടന പ്രവർത്തനങ്ങൾ :** വലിയവേളി ഇടവകയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നിർദ്ധന കുടുംബത്തിന് ഒരു ഭവനം നിർമ്മിക്കുന്നു.

**റവ.ഫാ. തിയോഡേഷ്യസ്**
അല്മായ ശുശ്രൂഷ ഡയറക്ടർ